Reg: No. K. 81

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor T. O. Mathew M. A. :: Managing Editor B. Wellington B. A.

വാല്യം 12 | ലക്കം 97 | 1965 ഏപ്രിൽ 10 ശനി | തൃശ്ശൂർ | വില 7 പൈസ | പേജ് 4

കരിംഗഞ്ചിൽ വെടിനിർത്തൽ പ്രാബല്യത്തിലായി

[പി. ടി. ഐ.] ഷില്ലോങ്ങ് ഏ. 9

ആസ്സാം–പൂർവ്വപാക്കിസ്ഥാൻ അതിർത്തിയിലെ കരിംഗഞ്ച് മേഖലയിൽ ഇന്നു വൈകുന്നേരം 4 മണിക്ക് വെടിനിർത്തൽ പ്രാബല്യത്തിൽ വന്നിരിക്കുന്നു. കഴിഞ്ഞ നാലുദിവസമായി ഈ ഭാഗത്തു പാക്കിസ്ഥാനികൾ തുടർച്ചയായി നിറയൊഴിക്കുകയായിരുന്നു.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

വാർഷിക മുൻകൂർ നിരക്ക്

	പോസ്റ്റ് ഓഫീസ് വഴി	പോസ്റ്റ് വഴി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
തുടർപ്രതിപ്രതിപ്പ് അടക്കം		2_10
ഓരോപ്രതിവാരം	0_07	0_10

മാനേജർ.

ശാസ്ത്രീ–സിരിമാവൊ കരാറിന്മേൽ കൂടിയാലോചന

നിലവിലുള്ള തടസ്ഥങ്ങൾ തട്ടിനീക്കാൻ തീരുമാനം.

സേനാനായിക്ക് ഗവണ്മെണ്ടിന്റെ നയപ്രഖ്യാപനം

(പി. ടി. ഐ.) കൊളംബോ, ഏപ്രിൽ 9

മുമ്പത്തെ പ്രധാനമന്ത്രി ശ്രീമതി സിരിമാവോയും പ്രധാനമന്ത്രി മി. ലാൽബഹദൂർശാസ്ത്രിയുംതമ്മിൽ1964–ൽ ഉണ്ടാക്കിയഇന്തോ–സീലോൺ കരാർ നടപ്പാക്കുന്നതുസംബന്ധിച്ച് ഉയന്നുവന്നിട്ടുള്ള പ്രയാസങ്ങൾ ദൂരീകരിക്കുന്നതിന്നായി ഇന്ത്യാഗവണ്മെണ്ട് കൂടിയാലോചനകൾ പുനഃരാരംഭിക്കുന്നതാണെന്ന് സീലോൺ ഗവണ്ണർ ജനറാൾ മി. വില്യം ഗോപല്ലവ പ്രസ്താവിച്ചിരിക്കുന്നു.

ഡഡ്ലി സേനാനായികെയുടെ നേതൃത്വത്തിലുള്ള പുതിയ ഗവണ്മെണ്ടിന്റെ പ്രഥമ നയപ്രസ്താവനയെന്ന നിലയിൽ പാല്ലുമെൻറിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഉയന്നുവന്നിട്ടുള്ള പ്രയാസങ്ങൾ എന്താണെന്ന് ഗവണ്ണർ ജനറൽ എടുത്തു പറഞ്ഞില്ല. (ഇന്തോ–സിലോൺ കരാറനുസരിച്ച് 3 ലക്ഷം ഇന്ത്യൻ വംശജർക്ക് സിലോൺ പൌരത്വം നൽകുമെന്നും 15 കൊല്ലങ്ങൾക്കിടയിൽ 525000 പേരെ ഇന്ത്യയിലേക്ക് മടക്കികൊണ്ടുപോരുമെന്നും ബന്ധപ്പെട്ട ഗവണ്മെണ്ടുകൾ സമ്മതിച്ചിരുന്നു.)

ചേരിചേരാനയം

1955–ലെ ബാന്ഡുങ്ങ് കോൺഫറൻസിൽ വിജ്ഞാപനം ചെയ്യപ്പെട്ടതുപോലെ ചേരിചേരാനയം തൻറെ ഗവണ്മെണ്ടു് പിന്തുടരുന്നതാണെന്ന് അദ്ദേഹം ആവർത്തിച്ചറിപ്പിച്ചു. ഈ നയത്തിൻറെ അനുവർത്തനമെന്നനിലയിൽ അഖിലരാഷ്ട്രങ്ങളുമായി ഗവണ്മെണ്ടു് സൌഹാർദ്ദബന്ധം നിലനിർത്തുമെന്നും അദ്ദേഹം പറഞ്ഞു. രാഷ്ട്രത്തിൻറെ സ്വാതന്ത്ര്യത്തിനും സുരക്ഷിതത്വത്തിനും ഒരു തരത്തിലും ഹാനിവരുത്തുകയില്ലെന്ന് ഗവണ്ണർ ജനറൽ ഉറപ്പുനല്കി.

ആവശ്യമായതു സംരക്ഷണയോടെ സമ്പൂർണ്ണവും പൊരുത്തമായ നിരായുധീകരണത്തെ തൻറെ ഗവണ്മെണ്ടു് പിന്തുണയ്ക്കുമെന്നും ഗവണ്മെണ്ടു് ഉൽബോധിപ്പിച്ചിട്ടുണ്ടു്. ഈ അതിർത്തിയിൽ നടക്കുന്ന പാക്കു് സേനാ കേന്ദ്രീകരണത്തിൽ ശക്തിയായി പ്രതിഷേധിക്കുന്നു എന്നു കാണിച്ചു് ഇന്ത്യാഗവണ്മെണ്ടു് ഇതുവരെ മറുപടി അയച്ചിട്ടില്ല. പ്രശ്നത്തിനു പരിഹാരം കാണുന്നതിനും കച്ചു്–സിന്ധു് അതിർത്തി നിർണ്ണയത്തെ സംബന്ധിച്ചു് ദ്രുഡമായ തീരുമാനങ്ങൾ എടുക്കുന്നതിനും ഇത്തരമൊരു സമ്മേളനം അടിയന്തരമാണു്. ഇന്ത്യ നിർദ്ദേശിച്ച തീയതിയിലുള്ള ഡി. ഐ. ജി. സമ്മേളനവും നടക്കുകയുണ്ടായില്ല.

നഴഞ്ഞുകയറ്റം തുടരുന്നു

ഇതേ സന്ദർഭത്തിൽ പാക്കിസ്ഥാൻ ഈ മേഖലയിലെ നഴഞ്ഞുകയറ്റം തുടരുകയാണു്. നഴഞ്ഞു് കയറിയേടത്തോളം ഭാഗങ്ങളിൽ അവർ നിലകൊള്ളുകയും ചെയ്യുന്നു. കഞ്ഞാർകോട്ടിന്നും, അതിന്നു പടിഞ്ഞാറായി പാക്കു്സേനാ പോസ്റ്റിരിക്കുന്ന ടിങ്കിലും അവർ കാരോ സങ്കേതങ്ങളും സ്ഥാപിച്ചിട്ടുണ്ടു്. ഈ സങ്കേതങ്ങൾ 1300–2000 വരെ കണ്ടു് ഇന്ത്യൻ പ്രദേശത്തേക്കു് തള്ളികിടക്കുകയാണു്.

നപ്പോലെ നിശ്ചയിക്കപ്പെട്ടുകഴിഞ്ഞ കച്ചു്–സിന്ധു് അതിർത്തിയിൽനിന്നു് ഇന്ത്യൻ പ്രദേശത്തുകൂടെയായ തള്ളികയറ്റമാണിതു്. അതിനെ പൂറമെ ഇത്തരം നിയമവിരുദ്ധ നടപടികൾക്കു് പിന്തുണയായി അതിർത്തിയിൽ പാക്കിസ്ഥാൻ സേനകളെ കേന്ദ്രീകരിച്ചിട്ടുണ്ടു്.

—....

താങ്കൽ തടവുകാരെ വിട്ടയച്ചു

[പി ടി ഐ] അഹമ്മദ്ബാദ്, ഏ. 9

രാജ്യരക്ഷാചട്ടമനുസരിച്ചു് കഴിഞ്ഞ സെപ്റ്റമ്പറിൽ അറസ്റ്റുചെയ്തു് തടങ്കലിൽ വെച്ചിരുന്ന 2 കമ്യൂണിസ്റ്റു് തടവുകാരെ ഇന്നലെ രാത്രി വിട്ടയച്ചിരിക്കുന്നു.

അഹമ്മദ്ബാദ് മുനിസിപ്പൽ കോർപ്പൊറേഷനിലേക്കു് ഇന്നലെ നടന്ന തിരഞ്ഞെടുപ്പിൽ മി. രതിലാൽ സി. ഷാ യാണു് അതിൽ ഒരാൾ.

"അട്ടിമറി പ്രതിനിദ്ധ്യം"

(പി ടി ഐ) കൊളമ്പോ, ഏ. 9

വടക്കൻ കൊറിയ, വടക്കൻ വിയറ്റ്നാം, കിഴക്കൻജർമ്മനി എന്നീ രാജ്യങ്ങളുടെ കോൺസുലേറുകളിലുള്ള സ്റ്റാഫിനെ കുറക്കണമെന്നു് സിലോൺഗവണ്മെണ്ടു് ആവശ്യപ്പെട്ടിരിക്കുന്നു.

വിദേശപ്രാതിനിദ്ധ്യമെന്നതു് വിദേശ അട്ടിമറിയായി തീരാതിരിക്കുന്നതിനുള്ള സിലോൺഗവണ്മെണ്ടിൻറെ നീക്കങ്ങളിൽ ഒന്നായിട്ടാണു് സിലോൺ ഡ്രെയിലിനൂസ് ഇതിനെ കണക്കാക്കിയിട്ടുള്ളതു്.

വടക്കൻവിയറ്റ്നാം കോൺസുലേറിലെ ആറു് അംഗങ്ങളും അവരുടെ കാലാവുധി കഴിഞ്ഞിട്ടും സിലോണിൽ തങ്ങിനില്ക്കുന്നതിനു് അനുവാദം ആവശ്യപ്പെടുകയുണ്ടായെന്ന ഒരു റിപ്പോർട്ടു് ഡെയിലി ന്യൂസു് "അട്ടിമറിക്കുള്ള പ്രാതിനിദ്ധ്യം" എന്ന ശീർഷകത്തിൽ എഴുതിയ ഒരു മുഖപ്രസംഗത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്. അവശ്യം അങ്ങിനെ സിലോണിൽ പടഞ്ഞുകൂടേണ്ട യാതൊരാവശ്യവുമില്ലെന്നും പത്രം പറഞ്ഞു. പല കോൺസുലേറുകളിലും ഈ തരത്തിൽ സ്റ്റാഫിനെ കുറയ്ക്കണമെന്നും അതിൻറെ വെളിച്ചത്തിൽ അയല്പക്കത്തിനായ അട്ടിമറിക്കു് സിലോൺ ഒരു താവളമായിത്തീരുന്നുവെന്നുള്ള ആരോപണം ശക്തിപ്പെടുകയുള്ളുവെന്നും പത്രം മുന്നറിയിപ്പു കൊടുക്കുന്നു.

....

പോളണ്ടും റഷ്യയും തമ്മിൽ പരസ്പര സഹായഉടമ്പടി

(റോയിട്ടർ) വാർസോ ഏ. 9

ഇരുപതുവർഷക്കാലത്തേയ്ക്കുള്ള ഒരു പുതിയ പരസ്പര സഹായ ഉടമ്പടിയിൽ പോളണ്ടും റഷ്യയും ഇന്നലെ ഒപ്പുവെച്ചിരിക്കുന്നു. 1945–ൽ ക്രൈലിനിൽ വെച്ചു് സ്റ്റാലിൻ ഒപ്പുവെച്ച ഒരു ഉടമ്പടിയ്ക്കു് പകരമായിട്ടാണു് പുതിയ കരാർ ഉണ്ടായിരിക്കുന്നതു്.

ഉടമ്പടിയുടെ പൂർണ്ണരൂപം ഒന്നൊരണ്ടു ദിവസത്തിനുള്ളിൽ പ്രസിദ്ധീകരിക്കും.

.....

വാർത്താ–പ്രക്ഷേപണ വകുപ്പിലേയ്ക്കുള്ള ധനവിനിയോഗബിൽ പാസ്സാക്കി

[പി. ടി. ഐ.] ന്യൂഡൽഹി ഏ. 9

വാർത്താ–പ്രക്ഷേപണ കാര്യാലയത്തിലേയ്ക്കുള്ള ധനവിനിയോഗബില്ലു് ലോക്സഭ ഇന്നു പാസ്സാക്കി. പ്രതിപക്ഷ ഉന്നിൻറെ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ നിരസിച്ചശേഷമാണു് ധനവിനിയോഗബിൽ പാസ്സാക്കിയതു്.

വിയറ്റ്നാംയുദ്ധം

അമേരിക്കൻ ജറുകളുടെ ആക്രമണം

വിയറ്റ്കോങ്ങ് താവളങ്ങൾ ബോമ്പിട്ട തകർക്കുന്നു

(റോയിട്ടർ) സൈഗോൺ, ഏ. 9

കോങ്കോ സംസ്ഥാനത്തിലെ വിയറ്റ്കോങ്ങ് സങ്കേതങ്ങളെ അമേരിക്കൻ ജറുവിമാനങ്ങൾ ഇന്നലെ ആക്രമിച്ചു.

സൈഗോണിന്നു് 275 നാഴിക ദൂരെ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ഒരു സംസ്ഥാനമാണു് കോങ്കോ. തെക്കൻ വിയറ്റ്നാമിന്നുള്ളിൽ അമേരിക്കൻ ജറുവിമാനങ്ങൾ നടത്തിയ ഏറ്റവും കനത്ത ആക്രമണമാണിതെന്നു് കരുതപ്പെടുന്നു.

ഈ ഭാഗത്തുള്ള വമ്പിച്ച വിയറ്റ്കോങ്ങ് കേന്ദ്രീകരണത്തിന്നെതിരായി പകൽ മുഴുവൻ ബോമ്പാക്രമണം നടന്നുവെന്നു് ഔമേരിക്കൻ സൈനികവക്താവു് പ്രസ്താവിച്ചു.

ഗറില്ലകൾ കേന്ദ്രീകരിച്ചിരുന്നതു് കോങ്കോ സംസ്ഥാനത്തിൻറെ വടക്കുപടിഞ്ഞാറൻ മൂലയിലാണു്. ഇതു് ലാവോഷ്യൻ അതിർത്തിക്കടുത്താണു്. ഇവിടെയാണു് ഹോചിമിൻ പാതയുടെ തെക്കോട്ടുള്ള തുടക്കമെന്നു് കരുതപ്പെടുന്നു.

മറ്റൊരു സംഘട്ടനം

ആറനാഴിക പടിഞ്ഞാറായി ഇൻഡിൻ സംസ്ഥാനത്തിൽ തെക്കൻവിയറ്റ്നാം നാവികസേന ഗറില്ലകളുമായി ഏറ്റുമുട്ടി. വിയറ്റ്കോങ്ങിൻറെ ആക്രമണം കനത്തതായിരുന്നു. ഈ സമരത്തിൽ 200 ഗറില്ലകൾ കൊല്ലപ്പെട്ടു. ഗവണ്മെണ്ടുസേനയിൽ 5 പേർ കൊല്ലപ്പെട്ടു; 25 പേർക്കു് പരിക്കു പറ്റി.

....o....

ചൈനീസ് കമ്മ്യൂണിസ്റ്റ് ഭരണം കൊള്ളക്കാരുടെ ഭരണം

അതിൻറെ പിന്തുണനേടുവാൻ നോക്കുന്ന ഷെയിക്കു് അപഹാസ്യനാണെന്നു് മസാനി

(പി ടി ഐ) രാജ്കോട്ട്, ഏ. 9

"ആഭ്യന്തരകാര്യമായി ഇരിക്കേണ്ട ഒരു പ്രശ്നത്തെ"സംബന്ധിച്ചു് ചൈനീസ്പ്രധാനമന്ത്രി ചൌ എൻ ലായിയുമായി ഷെയിക്കു്അബ്ദുള്ള നടത്തിയ ചർച്ചയെ സ്വതന്ത്രാപ്പാർട്ടി ജനറൽ സിക്രട്ടറി എം. ആർ. മസാനി എം. പി. ഇന്നു് അപലപിക്കുകയുണ്ടായി.

തൻറെ നിലപാടിനു് ചൈനീസ് കമ്മ്യൂണിസ്റ്റുകളുടെ അനുഭാവവുംപിന്തുണയും നേടാമെന്നു് ഷെയിക്കു് കരുതുന്നുണ്ടെങ്കിൽ അതു് അദ്ദേഹത്തിനോ കാശ്മീർജനതക്കോ ഗുണം ചെയ്യുകയില്ല. നേരേമറിച്ചു് ഈ ദ്രുവീഭാഗത്തിൻറെ മുഴുവൻ സുരക്ഷിതത്വത്തിനും അതു് ഹാനികരമായേക്കും.

ചൈനീസ് കമ്മ്യൂണിസ്റ്റ്ഭരണം കൊള്ളക്കാരുടെ ഭരണമാണു്. അവരുടെ കരങ്ങളിൽ തിബത്തുകാരുടെ, കൊറിയക്കാരുടെ, വിയറ്റ്നാമീസുകാരുടെ, ലാവോസുകാരുടെ, ഇന്ത്യക്കാരുടെ ചോരപുരണ്ടിരിക്കുന്നു. ആഭരണം നമ്മുടെ രാഷ്ട്രത്തിൻറെ ശത്രുവാണു്. അതിനു് സ്വാതന്ത്ര്യത്തിൻറെ ബന്ധുവാകുവാൻകഴിയുന്നതു സാധ്യമല്ല.

അഹമ്മദ്ബാദ് കോർപൊറേഷൻ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് തകർന്നു

പി. ടി. ഐ അഹമ്മദ്ബാദ്, ഏ. 8

78 മെമ്പർമാരുള്ള അഹമ്മദ്ബാദ് മുനിസിപ്പൽ കോർപൊറേഷനിലെ 17 സീറ്റുകളിലെ ഫലംകൂടി ഇന്നിയും പ്രഖ്യാപിക്കേണ്ടതുണ്ടു്.

പ്രഖ്യാപിക്കപ്പെട്ട സീറ്റുകളിൽ 32 സ്ഥാനങ്ങൾ മഹാഗുജറാത്തു് ജനതപരിഷത്ത് കരസ്ഥമാക്കി. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഇരു വിഭാഗങ്ങളിലുംപെട്ട അനേകംപേർ ഈ പരിഷത്തിലെ അംഗങ്ങളാണു്. ജയിച്ച നാലു റിപ്പബ്ലിക സ്ഥാനാർത്ഥികൾക്കും സ്വതന്ത്രന്മാരിൽ നാലുപേർക്കും ഈ പരിഷത്തിൻറെ പിന്തുണയുണ്ടായിരുന്നു

കഴിഞ്ഞ മൂന്നരശാപ്തങ്ങളായി കോൺഗ്രസിൻറെ അധീനതയിലിരുന്നഈ കോർപൊറേഷൻ ഇപ്രാവശ്യത്തെ തിരഞ്ഞെടുപ്പോടെ അവക്കു നഷ്ടപ്പെട്ട കക്ഷിനില ഇതാണു്.

ആകെ സീറ്റുകൾ	78
ഫലംപ്രഖ്യാപിക്കപ്പെട്ടതു്	61
മഹാഗുജറാത്തു് പരിഷത്	32
കോൺഗ്രസ്	10
പി. എസ്. പി.	6
റിപ്പബ്ലിക്കൻ	4
(പരിഷത് പിന്തുണ)	
സ്വതന്ത്രന്മാർ	9

(4 പേർ പരിഷത്തിൻറെ പിന്തുണയുണ്ടായിരുന്നു.)

ലോക്കപ്പിൽ കിടന്ന പുള്ളിയെ കവർച്ച കേസിൽ പ്രതിയാക്കി

യു. പി. യിൽ നീതിന്യായത്തിൻറെ പോക്കു്

(പി ടി ഐ) ലക്നോ, ഏ. 9

ഒരു കവർച്ചക്കേസ്സിനോടനുബന്ധിച്ചു തൊഴിലാളി ഒരാളെ അറസ്റ്റുചെയ്തതിലും അതിനു ഉത്തരവാദിയായ പോലീസ് സബ്ബ്ഇൻസ്പെക്ടറെ ഗവണ്മെണ്ടു് സസ്പെണ്ടുചെയ്യാതിരുന്നതും ഉത്തരപ്രദേശ് നിയമസഭയിൽ ചൂടുപിടിച്ച ഒരു രംഗം ഇന്നലെ സൃഷ്ടിച്ചു.

സബ്ഇൻസ്പെക്ടറോടു് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നും, അതു കിട്ടാതെ ഗവണ്മെണ്ടിനു് നടപടി എടുക്കുവാൻ സാധ്യമല്ലെന്നുമുള്ള ആഭ്യന്തരമന്ത്രി ഹരിഗോവിന്ദസിങ്ങിൻറെ പ്രസ്താവന സഭയിൽ കൂടുതൽ ബഹളത്തിനു വഴിവെച്ചു. അപ്പോൾ സ്പീക്കർ ചില പ്രതിപക്ഷ അംഗങ്ങളോടു് പുറത്തുപോകുവാൻ ആവശ്യപ്പെട്ടു.

കവർച്ചനടന്ന സന്ദർഭത്തിൽ അറസ്റ്റുചെയ്യപ്പെട്ട ആൾ യഥാർത്ഥത്തിൽ ലോക്കപ്പിലായിരുന്നുവെന്നു് ദേശീയ ജില്ലാ മജിസ്ട്രേട്ടിൻറെ വിധിന്യായം ഉദ്ധരിച്ചുകൊണ്ടു് പ്രതിപക്ഷനേതാക്കൾ പ്രസ്താവിച്ചു. തൊഴിയായി ഒരു മന്ത്രിയെ വെടിവെച്ചു് അയാളുടെ പേരിൽ കുറ്റം തയ്യാറാക്കിയ പോലീസ് അവരുടെ കർത്തവ്യം ശരിക്കല്ല നിവ്വഹിക്കുന്നതെന്നു് പ്രതിപക്ഷം കുറ്റപ്പെടുത്തി.

ബന്ധപ്പെട്ട ഫയലുകൾ പാർലിമെന്ററി ആവശ്യമായ നടപടികൾ ഈ കാര്യത്തിൽ എടുക്കുമെന്നു് മുഖ്യമന്ത്രി സുചേതാകൃപലാനി സഭക്കു് ഉറപ്പുകൊടുത്തു.

അറസ്റ്റുചെയ്യപ്പെട്ടവരെ വിട്ടയക്കുക

പ്രധാനമന്ത്രിക്കു് ഷേക്കിൻറെ കത്തു്

[പി ടി ഐ] ശ്രീനഗർ ഏ. 9

ഇയ്യിടെ അറസ്റ്റുചെയ്യപ്പെട്ട ഹിതപരിശോധനാമുന്നണി പ്രവർത്തകരെ വിട്ടയക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഷേക് അബ്ദുള്ള പ്രധാനമന്ത്രി മി. ലാൽബഹദൂർ ശാസ്ത്രിക്കു് മാർച്ചു് 17–നു് എഴുതിയ ഒരു കത്തിൻറെ പകർപ്പു് ഷേക്കിൻറെ അടുത്ത ഒരു സഹപ്രവർത്തകയായ മൌലാനാ സയ്യിദ് മസൂദി പ്രസിദ്ധീകരിച്ചിരിക്കുന്നു.

വമ്പിച്ച തോതിൽ കാശ്മീരിൽ നടന്ന ഈ അറസ്റ്റു് ന്യായീകരിക്കാനാവില്ലെന്നു് മി. ഷേക് കത്തിൽ പറയുന്നു. അറസ്റ്റുചെയ്യപ്പെട്ടവരിൽ അധികവും ഹിതപരിശോധനാമുന്നണി പ്രവർത്തകരാണു്. ഈ മുന്നണി സംസ്ഥാനത്തെ ഒരു ബഹുജനസംഘടനയാണെന്നും കത്തിൽ പറയുന്നു. സ്വതന്ത്രായ ഒരു ഹിതപരിശോധന നടത്തുകയാണു തങ്ങളുടെ മുന്നണിയുടെ ലക്ഷ്യം. ഈ പാർട്ടിക്കെതിരായ ഏതു നടപടിയും ന്യായീകരിക്കാനാവില്ലെന്നും ഷേക് പറഞ്ഞു.

സ്വയം നിഷ്ക്രിയാവകാശത്തിന്നു വേണ്ടിയുള്ള ആവശ്യം ഗവണ്മെണ്ടിന്നു് സഹിക്കുന്നില്ലെന്നു മാത്രമാണു് ഈ അറസ്റ്റുകളുടെ കാരണമെന്നും കത്തിൽ പ്രസ്താവിക്കുന്നു.

തികച്ചും ഒരു മതസ്ഥാപനമായ മജിലിസ്–ഇ–ശൂരാഹാതിൻറെ ഔദ്യോഗികഭാരവാഹികളെപോലും വിട്ടുന്നില്ല. അറസ്റ്റുചെയ്യപ്പെട്ടവരിൽ വിദ്യാർത്ഥികളുടെ ആക്ഷൻ കമ്മിറ്റി മെമ്പർമാരും ഉൾപ്പെടുന്നുവെന്നും കത്തിൽ പറഞ്ഞു. ഈ നയം കാര്യങ്ങൾ വഷളാക്കിയിരിക്കുന്നു. കാശ്മീർ പ്രശ്നപരിഹാരം കൂടുതൽ പ്രയാസമുള്ളതാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നുവെന്നും കത്തിൽ തുടർന്നു് അറിയിച്ചു.

ഇന്ദിര അറബിരാഷ്ട്രങ്ങളിലേയ്ക്കു്

[പി. ടി. ഐ.] കെയറൊ ഏ. 9

അറബിലീഗിൻറെ ക്ഷണമനുസരിച്ചു് ഇൻഫർമേഷൻ മന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ഈ വേനൽക്കാലത്തു് വിവിധ അറബിരാഷ്ട്രങ്ങൾ സന്ദർശിക്കുവാൻ സാധ്യതയുള്ളതായി ഇവിടെ അറിവായിരിക്കുന്നു.

ഇവിടെയുള്ള ലീഗ് ഹെഡ്കാർട്ടേഴ്സിൽ അവരുടെ പരിപാടിയുടെ വിശദവശങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണു്.

സാംസ്കാരിക–ശാസ്ത്രീയ മേഖലകളിൽ അറബി രാഷ്ട്രങ്ങളും ഇന്ത്യയും തമ്മിൽ സഹകരണം വർദ്ധിപ്പിക്കുന്നതിന്നുള്ള മാർഗ്ഗങ്ങളെപ്പറ്റി ലീഗ് പഠനം നടത്തിവരുന്നുണ്ടു്.

പനമ്പിള്ളിയുടെ റിപ്പോർട്ടു്

[പി. ടി. ഐ.] ന്യൂഡൽഹി ഏ. 9

വിദേശ എണ്ണകമ്പനികളും അവരുടെ എണ്ണ കയറ്റി അയക്കുന്നതിനും സ്വകാര്യമേഖലയിലുള്ള ടാങ്കുകളും ഉപയോഗിക്കുകയുള്ളുവെന്നും പറഞ്ഞപ്പോൾ, ഗവണ്മെണ്ടു് അതിനും വഴങ്ങിയതിനെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന കമ്മറിയുടെ മൂന്നാം റിപ്പോർട്ടിൽ വിമർശിച്ചിരിക്കുന്നു. ഈ കമ്മറിയുടെ ചെയർമാൻ പി. ഗോവിന്ദമേനോൻ റിപ്പോർട്ടു് ഇന്നു് ലോകസഭയിൽ സമർപ്പിച്ചു.

....

ഇന്ത്യൻ പാർല്ലമെൻറിനു് മിൽക്കു്ബാർ

[റോയിട്ടർ] കാൻബറ ഏ. 9

ഇന്ത്യൻ പാർല്ലിമെൻറിനു്, ആസ്ത്രേലിയൻ ഗവണ്മെണ്ടിൻറെ ഒരു സമ്മാനമെന്നനിലയിൽ 20 അടി നീളമുള്ള ഒരു സ്റ്റെയിൻലെസ് സ്റ്റീൽബാർ ഇന്ത്യയുടെ ഭക്ഷ്യകാര്യിക്കവകുപ്പുമന്ത്രി മി. സുബ്രഹ്മണ്യത്തെ ഏൽപിക്കുന്നതാണു്.

പാൽപാനീയങ്ങൾ, ഐസ്ക്രീം എന്നിവ ഈ ബാറിൽനിന്നും 'സർവ്വു' ചെയ്യുന്നതായിരിക്കും. ആസ്ത്രേലിയൻ സെനറ്റർ പ്രസിഡണ്ടു് സർ അലിസ്റ്റർ മൊഡ്ഡിൽ, സ്പീക്കർ സർ മക്ലെ എന്നിവർചേർന്നു് ഈ ബാർ മി. സുബ്രഹ്മണ്യത്തിന്നു് സമ്മാനിക്കും.

കൽക്കരി ഖനിയിൽ പൊട്ടിത്തെറി

[റോയിട്ടർ] ടോക്കിയോ ഏ. 9

തെക്കൻ ജപ്പാനിലുള്ള യോജിമാടി പിലുള്ള ഒരു കൽക്കരി ഖനിയിൽ ഒരു പൊട്ടിത്തെറി ഉണ്ടായതിൻറെ ഫലമായി കല്ലൂരി ഖനിയിലുണ്ടായിരുന്ന 32 പേർക്കു് അപകടം സംഭവിച്ചിരിക്കുന്നതായി കണക്കാക്കപ്പെടുന്നു.

....

വിയറ്റ്നാം യുദ്ധം

ചേരിചേരാ രാഷ്ട്രങ്ങളുടെ അഭ്യർത്ഥന കൈക്കൊണ്ടു

സമാധാന സംഭാഷണങ്ങൾക്കു് അമേരിക്ക സന്നദ്ധം

പ്രസിഡണ്ടു് ജോൺസൻറെ മറുപടി

(റോയിട്ടർ) വാഷിംഗ്ടൺ, ഏ. 9

വിയറ്റ്നാം സമാധാന സംഭാഷണങ്ങൾക്കു് തങ്ങൾ നിരുപാധികം ഒരുക്കമാണെന്നു് അമേരിക്ക 17 ചേരിചേരാ രാഷ്ട്രങ്ങളെ ഔപചാരികമായി അറിയിച്ചിരിക്കുന്നു.

ഈ കാര്യത്തെ സംബന്ധിച്ചു് ചേരിചേരാ രാഷ്ട്രങ്ങൾ ചെയ്ത അഭ്യർത്ഥനക്കു് അമേരിക്ക നൽകിയ മറുപടിയിൽ, ആക്രമണം അവസാനിക്കുന്നതുവരെ തെക്കൻ വിയറ്റ്നാമിനോടുള്ള ബാധ്യതകൾ അമേരിക്ക തുടർന്നു് നിറവേറുമെന്നു് പറഞ്ഞിട്ടുണ്ടു്.

തെക്കു് കിഴക്കൻ ഏഷ്യയെ സംബന്ധിച്ചു് ബുധനാഴ്ച പ്രസിഡണ്ടു് ജോൺസൺ ചെയ്ത പ്രസംഗത്തിലെ മുഖ്യ



വശങ്ങൾതന്നെയാണു് ഈ മറുപടിയിൽ അടങ്ങിയിട്ടുള്ളതു്. മറുപടി അയക്കുന്നതിന്നുമുമ്പു് അതിൻറെ ഉള്ളടക്കം പ്രസിദ്ധപ്പെടുത്തുന്നതിന്നുവേണ്ടി ജോൺസൺ നേരിട്ടു കാണുകയുണ്ടായി.

അഭ്യർത്ഥനയുടെ രൂപം

ചേരിചേരാ രാഷ്ട്രങ്ങൾ അവരുടെ അഭ്യർത്ഥനയിൽ, മുൻ ഉപാധികളൊന്നും കൂടാതെ വിയറ്റ്നാമിനെ സംബന്ധിച്ചു് കൂടിയാലോചനകൾ ആരംഭിക്കണമെന്നു് ആവശ്യപ്പെടുകയുണ്ടായിരുന്നു.

അവർ ഈ അഭ്യർത്ഥന ബ്രിട്ടൻ, സോവിയറ്റ് യൂണിയൻ, ഫ്റാൻസ്, തെക്കൻ വിയറ്റ്നാം, വടക്കൻ വിയറ്റ്നാം, കമ്മ്യൂണിസ്റ്റു് ചൈന, പോളണ്ടു്, കാനഡ എന്നീ രാഷ്ട്രങ്ങൾക്കും അയക്കുകയുണ്ടായി.

ചേരിചേരാ രാഷ്ട്രങ്ങളുടെ ഈ അടിയന്തിരാഭ്യർത്ഥനയെ അമേരിക്കഏതൊക്കെ രീതിയിൽ അംഗീകരിച്ചുവെന്നാണു് പ്രസിഡണ്ടിൻറെ മറുപടി സൂചിപ്പിക്കുന്നതു്.

സ്വാതന്ത്ര്യത്തിന്നു് ഉറപ്പുണ്ടാകണം

മറുപടി തുടരുന്നു: തെക്കു് കിഴക്കൻ ഏഷ്യയിലെ സമാധാനത്തിന്നു് ഒരു സ്വതന്ത്ര ദക്ഷിണവിയറ്റ്നാം അത്യാവശ്യമാണു്. ആ സ്വാതന്ത്ര്യത്തിന്നു് മതിയായ ഉറപ്പും ഉണ്ടാകണം. സ്വതന്ത്ര ദക്ഷിണ വിയറ്റ്നാമിനും് മറ്റു രാഷ്ട്രങ്ങളുമായുള്ള അതിൻറെ ബന്ധങ്ങൾക്കു് രൂപം കൊടുക്കുവാൻ പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരിക്കണം. ആ കാര്യത്തിൽ ഒരു വിദേശ ഇടപെടലും പാടില്ല. ഒരു സ്വയംഭരണാധികാരിയായ അതിനെ കൂട്ടിയിണക്കരുതു്. ഒരു രാഷ്ട്രതിന്നും അവിടെ സൈനിക താവളം ഉണ്ടാകരുതു്.

വിദേശ ഇടപെടലുകളിൽനിന്നുംവിമുക്തമായി സ്വന്തം ഭാവി നിർണ്ണയിക്കുന്നതിനുള്ള ഫാവപ്പാടുകൾ തെക്കൻവിയറ്റ്നാം ജനതക്കു് എപ്പോൾ കൈവരുന്നുവോ, അപ്പോൾ അമേരിക്ക അതിൻറെ സൈന്യങ്ങളെ അവിടെനിന്നു് പിൻവലിക്കുന്നതാണു്. അങ്ങിനെ വരുമ്പോൾ പരസ്പര ബഹുമാനത്തിൻറെയും, പ്രശ്നങ്ങൾ സമാധാനപരമായി പരിഹരിക്കുന്നതിന്നുള്ള ദൃഢനിശ്ചയത്തിൻറെയും അടിസ്ഥാനത്തിൽ തെക്കും, വടക്കും വിയറ്റ്നാമുകൾ തമ്മിലുള്ള ഭാവി ബന്ധങ്ങളെ രൂപപ്പെടുത്തുവാനും കഴിയുന്നതാണു്.

ആക്രമണം അവസാനിക്കണം

ആക്രമി സ്വന്തം ലക്ഷ്യങ്ങളെ മറച്ചു് പിടിക്കുന്നതിനും കാര്യമായ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ആക്രമണം അവസാനിപ്പിച്ചുവെന്നു് ഉറപ്പുകിട്ടുന്നതിന്നുള്ള ഏറ്റവും പ്രധാനമാണു്. അത്തരത്തിലുള്ള നിയന്ത്രണവും, ഉറപ്പും കിട്ടുകയെന്നതു് അത്ര എളുപ്പമുള്ളതല്ല. എന്നിരുന്നാലും പ്രശ്നത്തിൻറെ കേന്ദ്രബിന്ദു അതല്ലെന്നു സമാധാനിക്കാം.

തെക്കു കിഴക്കൻ ഏഷ്യയുടെ വികസനത്തിന്നുള്ള അമേരിക്കൻ സഹായപദ്ധതിയെപ്പറ്റി പരാമർശിക്കുകയും, മറ്റു വ്യാവസായിക രാഷ്ട്രങ്ങളും ഈ സംരംഭത്തിൽ

തൊഴിലാളി

ചോസ്റ്റ്മാസ്റ്റർ് 90
ടെലഫോൺ 125
പത്രാധിപരുടെ വസതി 455

1965 ഏപ്രിൽ 10_ാംതീ- ശനി

ഏഷ്യക്ക് ഒരു മാർഷൽ പ്ലാൻ

....ം....

യുദ്ധത്തിന്റെ കെടുതികൾകൊണ്ട് തകർന്നുപോയതൊ സ്വതവേ അവികസിതമായി കിടക്കുന്നതൊ ആയ രാഷ്ട്രങ്ങളെ സാമ്പത്തികമായി സുശക്തരാക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള സുപ്രസിദ്ധമായ മാഷൽപദ്ധതി തെക്കും തെക്കുകിഴക്കും ഏഷ്യക്കും ബാധകമാക്കുന്നതിനുള്ള പരിപാടിക്ക് അവസാനരൂപം നൽകാൻ അമേരിക്ക തയ്യാറായിവരികയാണ്. സൈനികമായും സാമ്പത്തികമായും ആ പ്രദേശത്തു കിടക്കുന്ന രാജ്യങ്ങളെ സാമ്പത്തികമായി ഉയർത്തുകയും ചൈനീസ് വിപത്തിൽനിന്നു രക്ഷിക്കുകയുമാണ് അമേരിക്കയുടെ ലക്ഷ്യം.

ഈ പരിപാടിയുമായി മുന്നോട്ടുനീങ്ങുന്നതിനുള്ള പ്രാഥമിക പ്രയോജനം പ്രസ്തുത രാഷ്ട്രങ്ങളിൽനിന്നു തന്നെ ഉണ്ടാകണമെന്നതാണ്. ഈ പരിപാടിയുടെ ആവശ്യം. രാഷ്ട്രീയവും ഭരണപരവുമായി തെക്കും തെക്കുകിഴക്കും ഏഷ്യയിലുള്ള രാജ്യങ്ങളും അമേരിക്കയും തമ്മിൽ വ്യത്യാസങ്ങളുണ്ടായേക്കാമെങ്കിലും അത്തരം വ്യത്യാസങ്ങളൊക്കെ അവഗണിക്കാൻ അമേരിക്ക തയ്യാറാണെന്നു കാണുന്നു. രാഷ്ട്രീയമായി വ്യത്യാസങ്ങൾ ഏതൊക്കെ ഉണ്ടായാലും സാമ്പത്തികമണ്ഡലത്തിൽ സഹകരണം സാദ്ധ്യമാണെന്നുള്ള തിരിച്ചറിവാണ് പ്രൈകൃരാഷ്ട്രസഭയിൽ സാമ്പത്തിക പ്രശ്നങ്ങളിൽ സഹകരിക്കാൻ ഇന്ത്യക്കും പാക്കിസ്ഥാനും സാധിക്കുന്നതെന്നു തോന്നുന്നു. ഈ രണ്ടു രാഷ്ട്രങ്ങളും തമ്മിൽ കാതലായ രാഷ്ട്രീയവ്യത്യാസങ്ങളുണ്ടെങ്കിലും സാമ്പത്തിക കാര്യങ്ങളിൽ അവ സഹകരിച്ചു പോകുന്നുണ്ട്. എന്തിനധികം, അമേരിക്കയ്ക്ക് ഇന്നു കടുത്ത തലവേദനയുണ്ടാക്കുന്ന വടക്കു വിയറ്റ്നാമിനുപോലും മേൽപറഞ്ഞ മാർഷൽ പ്ലാൻ അനുസരിച്ചുള്ള സഹായം നൽകാൻ അമേരിക്ക തയ്യാറാണ്. പ്രസിഡണ്ട് ജോൺസന്റെ നേതൃത്വത്തിലുള്ള അമേരിക്കൻ രേഖകൂടാതെ സ്വന്തം നാട്ടിലും വിദേശത്തുമുള്ള പട്ടിണിക്കൈതരായി പടപൊരുതാൻ ഉദ്ഗ്രീവിയും ചെയ്തിട്ടുള്ളതായി തോന്നുന്നു. സ്വന്തനാടിന്റെ മാനുഷിക പ്രശ്നമായിട്ടാണ് പട്ടിണിയെ വീക്ഷിക്കുന്നതെങ്കിൽ അനുരാജ്യങ്ങളിൽ പട്ടിണിയെ അമേരിക്ക വീക്ഷിക്കുന്നതു് മാനുഷികപ്രശ്നമായും കൈവിസ് കമ്മ്യൂണിസ്റ്റ് വിപത്തിനെ നേരിടുന്നതിനുള്ള ഉത്തമമാർഗ്ഗമെന്ന നിലയിലുമാണ്.

തെക്കുകിഴക്കേഷ്യയിലുള്ള ചൈനീമോഡൽ കമ്മ്യൂണിസ്റ്റ്വിപത്തിനെ സൈനികവും സാമ്പത്തികവുമായ നിലവാരങ്ങളിലേ നേരിടാൻ പറ്റൂ എന്നു് അമേരിക്കക്ക് ബോധ്യമായിട്ടുണ്ട്. സൈനികമായി പ്രതിവിധി നേടാൻ നോക്കുമ്പോഴും പല പ്രശ്നങ്ങളിലേക്കും നോക്കേണ്ടിവരും ഉദാഹരണമായി, ചൈനക്കാർ അവിടെ നടത്തിവരുന്ന ഒളിയുദ്ധമുറകളെ സമർത്ഥമായി നേരിടാൻ പറ്റുമൊ എന്നും സംശയമുണ്ടെങ്കിലും ഒരു കാര്യം നോക്കുമ്പോൾ അന്തിമവിജയം വേടാമെന്നുമാണ് അമേരിക്കയുടെ പ്രതീക്ഷ.

അതോടൊപ്പം തന്നെ ദാരിദ്ര്യം, അജ്ഞത, അനാരോഗ്യം എന്നിവയിൽനിന്നു് അവികസിതപ്രദേശങ്ങളിലെ ജനങ്ങളെ നേരിടുന്ന മറ്റു പ്രശ്നങ്ങളും പരിഹരിച്ചില്ലെങ്കിൽ സൈനികപ്രതിവിധികൊണ്ടോ പ്രയോജനമൊന്നും ഉണ്ടാവില്ല. താൽക്കാലിക വിജയങ്ങളുണ്ടായാലും വിപ്ലവം പിന്നെയും പൊട്ടിപുറപ്പെടും. മറിച്ച് സാമ്പത്തിക പ്രശ്നങ്ങളും പരിഹൃതമായിക്കഴിഞ്ഞാൽ രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങളെല്ലാം താനെ നീങ്ങിക്കൊള്ളുമെന്നാണ് അമേരിക്കൻ രാജ്യതന്ത്രജ്ഞന്മാരുടെ വിശ്വാസവും പ്രതീക്ഷയും.

ഉചിതമായ സഹായങ്ങൾ ചെയ്യാൻ തയ്യാറായി നിൽക്കുന്ന അമേരിക്കയിൽനിന്ന് സഹായങ്ങൾ വാങ്ങാൻ ഭാവിക്കുന്നു ഉപഭൂകണ്ഡപ്രധാനികളായ ശ്രീമതി ഇന്ദിരാഗാന്ധിയും തൊക്കുകഴിഞ്ഞാൽ രാഷ്ട്രങ്ങളുടെ കയ്യിലിരിക്കയാണ്. വിദേശസഹായംകൊണ്ടല്ലാതെ അവികസിതരാജ്യങ്ങളൊന്നും പുരോഗമിച്ചിട്ടില്ല. പണവും സാങ്കേതികവൈദഗ്ധ്യസഹായങ്ങളും ഏതിൽനിന്നു കിട്ടിയാലും സ്വീകരിക്കാം, സ്വന്തം വ്യക്തിത്വവും ആഭ്യന്തരിഷ്യവും കൈവെടിയാതെ അതു് രാഷ്ട്രങ്ങളും നിലകൊള്ളുന്നുണ്ടെന്നേയുള്ളൂ, സൈനിക പ്രവർത്തനങ്ങളുടേയും സാമ്പത്തിക വികസനപരിപാടികളുടേയും ചുമതലകൾ സ്വന്തം കയ്യുകളിലിരിക്കണമെന്നേയുള്ള.

....ം....

പാലക്കാട് വാർത്തകൾ

[സ്വ. ലേ] പാലക്കാട് ഏ. 8

ഒറ്റപ്പാലം താലൂക്കിൽ ക്രമാനുഗതമായി വ്യവസായവൽക്കരണം നടപ്പാക്കിവരുന്ന ഒരു ജനാധിപത്യരാജ്യത്തു് ദേശീയ വികസന പരിപാടികളിൽ തൊഴിലാളികളുടെ പരിപൂർണ്ണസഹകരണം അത്യാവശ്യമാണു്.

തൊഴിലാളികളും രാജ്യത്തെ പൗരന്മാരാണെന്ന നിലയ്ക്കു് തങ്ങളുടെ അവകാശങ്ങളും മുതലാളികളും സംബന്ധിച്ചു് തൊഴിലാളികളെ അറിയുള്ളവരാക്കുകയും രാജ്യത്തിന്റെ സാമ്പത്തിക വികസനപ്രക്രിയയിൽ ഒരു പങ്കാളിത്തമനോഭാവം അവരിലുളവാക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യം പലപ്രാവശ്യം പദ്ധതികാര്യം ആരംഭിച്ചതോടെ വളരെ അടിയന്തിരമായിത്തീർന്നിട്ടുണ്ടു്. 1975_76ൽ വ്യവസായത്തൊഴിലാളികളുടെ എണ്ണം ഒന്നിരട്ടിയായി വർദ്ധിക്കുമെന്നു് 1958_ൽ കണക്കാക്കപ്പെട്ടിട്ടുണ്ടു്. രാജ്യത്തെ വ്യവസായത്തൊഴിലാളികളുടെ വർദ്ധനവിന്റെ നിരക്കും അവക്കിടയിലെ വളരെ താഴ്ന്ന സാക്ഷരതാനിലവാരവും പരിഗണിക്കുമ്പോൾ, തൊഴിലാളികളെ പുതിയ സാമ്പത്തിക മുറപോലുള്ളതാക്കിയോജിപ്പിച്ചു് വിദ്യാഭ്യാസപ്രവർത്തനം ഒരു കൂട്ടുത്തരവാദിത്വമായിത്തീരുന്നു. ഈ പ്രശ്നത്തിനു് ഒരു പരിഹാരം കാണുന്നതിനുവേണ്ടി ഇന്ത്യാഗവർമെണ്ടു് ഫോർഡ് ഫൗണ്ടേഷനുമായി സഹകരിച്ചു് 1957_ൽ ഒരു അന്താരാഷ്ട്രീയ വിദ്യാഭ്യാസമിതി രൂപീകരിച്ചു.

തൊഴിലാളി വിദ്യാഭ്യാസ പരിപാടിയുടെ നടത്തിപ്പിനുവേണ്ടി തൊഴിലാളി സംഘടനകളുടേയും തൊഴിലുടമകളുടെയും ഗവർമെണ്ടിന്റേയും വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും പ്രതിനിധികളടങ്ങിയ, അഖിലസ്വയം ഭരണാവകാശമുള്ളൊരു കേന്ദ്ര തൊഴിലാളി വിദ്യാഭ്യാസബോർഡ് ആപവൽക്കരിക്കുവാൻ വിദ്യാഭ്യാസമിതി ശിപാർശ ചെയ്തു. അങ്ങനെ രൂപീകരിച്ച ബോർഡിന്റെ കാര്യനിർവ്വഹണത്തിനുവേണ്ടി ഒരു സെക്രട്ടറിയേറ്റും ഏർപ്പെടുത്തിയിട്ടുണ്ടു്. ഈ സെക്രട്ടറിയേറ്റിന്റെ അനുവാദത്തോടെ 1860ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് 1958ൽ "കേന്ദ്ര തൊഴിലാളി വിദ്യാഭ്യാസ ബോർഡ്" രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടു്. രാജ്യവ്യാപകമായ പ്രാദേശിക കേന്ദ്രങ്ങൾ മുഖേന തൊഴിലാളി വിദ്യാഭ്യാസം ഏർപ്പെടുത്തിക്കേണ്ട മുതൽ ബോർഡിന്റേതാണു്. ഈ കേന്ദ്രങ്ങളിൽ തൊഴിലാളികളെ ടേഡ് യൂണിയൻ സിദ്ധാന്തങ്ങളിലും രീതികളിലും പരിശീലിപ്പിക്കുകയും ചെയ്യുവരുന്നുണ്ടു്.

അന്താരാഷ്ട്രീയ വിദഗ്ദ്ധസമിതി

ജനാധിപത്യ സമുദായത്തിൽ തൊഴിലാളികൾക്ക് അർഹമായ സ്ഥാനങ്ങൾ ലഭ്യമാക്കുന്നതിനും രാജ്യത്തെ സാമൂഹ്യ സാമ്പത്തിക വികസനത്തിൽ തങ്ങളുടെ പങ്ക് പൂർണ്ണമായി നിർവ്വഹിക്കുവാൻ അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടി തൊഴിലാളി വിദ്യാഭ്യാസം വ്യവസ്ഥാപിതരീതിയിൽ സംഘടിപ്പിക്കുവാൻ തീരുമാനിക്കപ്പെട്ട. ഈ ലക്ഷ്യത്തോടെ, തൊഴിലാളി വിദ്യാഭ്യാസം ഇന്ത്യയിൽ ഡംഘടിപ്പിക്കുന്നതിനെക്കുറിച്ച് ഉപദേശിക്കുന്നതിനുവേണ്ടി ഇന്ത്യാഗവർമെണ്ടു് ഫോർഡ് ഫൗണ്ടേഷനുമായി സഹകരിച്ച് 1957_ൽ ഒരു അന്താരാഷ്ട്രീയ വിദഗ്ദ്ധസമിതി രൂപീകരിച്ചു.

തൊഴിലാളി വിദ്യാഭ്യാസ പരിപാടിയുടെ നടപ്പിലാക്കുന്നതിനു് തൊഴിലാളി സംഘടനകളുടേയും തൊഴിലുടമകളുടെയും ഗവർമെണ്ടിന്റേയും വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും പ്രതിനിധികളടങ്ങിയ, അഖിലസ്വയം ഭരണാവകാശമുള്ളൊരു കേന്ദ്ര തൊഴിലാളി വിദ്യാഭ്യാസബോർഡ് ആപവൽക്കരിക്കുവാൻ വിദഗ്ദ്ധസമിതി ശിപാർശ ചെയ്തു. അങ്ങനെ രൂപീകരിച്ച ബോർഡിന്റെ കാര്യനിർവ്വഹണത്തിനുവേണ്ടി ഒരു സെക്രട്ടറിയേറ്റും ഏർപ്പെടുത്തിയിട്ടുണ്ടു്. ഈ സെക്രട്ടറിയേറ്റിന്റെ അനുവാദത്തോടെ 1860ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് 1958ൽ "കേന്ദ്ര തൊഴിലാളി വിദ്യാഭ്യാസ ബോർഡ്" രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടു്. രാജ്യവ്യാപകമായ പ്രാദേശിക കേന്ദ്രങ്ങൾ മുഖേന തൊഴിലാളി വിദ്യാഭ്യാസം ഏർപ്പെടുത്തിക്കേണ്ട മുതൽ ബോർഡിന്റേതാണു്. ഈ കേന്ദ്രങ്ങളിൽ തൊഴിലാളികളെ ടേഡ് യൂണിയൻ സിദ്ധാന്തങ്ങളിലും രീതികളിലും പരിശീലിപ്പിക്കുകയും ചെയ്യുവരുന്നുണ്ടു്.

പരിപാടി മൂന്നു ഘട്ടങ്ങളിൽ

ബോർഡ് മൂന്നു ഘട്ടങ്ങളായിട്ടാണു് തൊഴിലാളി വിദ്യാഭ്യാസ പരിപാടി സംഘടിപ്പിക്കുന്നതു്. ഒന്നാം ഘട്ടത്തിൽ, കേന്ദ്ര തൊഴിലാളി വിദ്യാഭ്യാസ ബോർഡിന്റെ കീഴിലുള്ള ജീവനക്കാരെ വിദ്യാസ ആഫീസർമാരെന്നു നിലയ്ക്ക് പരിശീലിപ്പിക്കുന്നു. രാജ്യത്തെ വിവിധ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്ന പരസ്യത്തിന്റെ അടിസ്ഥാനത്തിലാണു് ഇവരെ തിരഞ്ഞെടുക്കുന്നതു്. അതിനുശേഷം, തൊഴിലാളി വിദ്യാഭ്യാസ രീതികളിൽ ഇവക്ക് മൂന്നുമാസം പരിശീലനം നൽകുന്നു.

പരിശീലനം പൂർത്തിയാക്കിയാൽ, ഈ വിദ്യാഭ്യാസ ആഫീസർമാരെ ബോർഡിന്റെ കീഴിലുള്ള പ്രാദേശിക കേന്ദ്രങ്ങളിൽ നിയമിക്കുന്നതാണു്. തൊഴിലാളി അദ്ധ്യാപകരായി പ്രവർത്തിക്കുന്നതിനു് തെരഞ്ഞെടുത്ത ഏതാനും തൊഴിലാളികൾക്കുവേണ്ടി മൂന്നുമാസത്തെ പരിശീലന കോഴ്സ് സംഘടിപ്പിക്കുകയാണു് ഇവരുടെ മുമ്പിലുള്ള പരിശീലനം.

മൂന്നാം ഘട്ടത്തിൽ, തൊഴിലാളി അദ്ധ്യാപർ തങ്ങളുടെ സ്ഥലങ്ങളിൽ പ്രൈമറി കേന്ദ്രങ്ങൾ അഥവാ ഫാക്ടറി തലത്തിലുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കുകയും മൂന്നുമാസക്കാലം അവിടത്തെ തൊഴിലാളികൾക്ക് പരിശീലനം നൽകുകയും ചെയ്യുന്നു.

തങ്ങളുടെ പരിശീലനത്തിന്റെ ഭാഗമെന്ന നിലയ്ക്കു്, തൊഴിലാളി അദ്ധ്യാപകരും ഹ്രസ്വകാല വിദ്യാഭ്യാസ പര്യടനങ്ങൾ നടത്തി പ്രധാനപ്പെട്ട പദ്ധതികളും, ഫാക്ടറികളും, ടേഡ് യൂണിയൻആപ്പീസുകളും. ചരിത്രപ്രധാനമായ സ്ഥലങ്ങളും സന്ദർശിക്കുന്നു.

പാഠ്യക്രമം

പരിശീലനത്തിന്റെ എല്ലാ ഘട്ടങ്ങൾക്കുമാവശ്യമായ വിശദമായ പാഠ്യക്രമങ്ങൾ കേന്ദ്ര തൊഴിലാളി വിദ്യാഭ്യാസ ബോർഡ് തയ്യാറാക്കിയിട്ടുണ്ടു്.

തൊഴിലാളി അദ്ധ്യാപകരുടേയും തെഴിലാളികളുടേയും പരിശീലനത്തിനുള്ള പാഠ്യക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ വിഷയങ്ങളെ കുറിച്ച് ബോർഡ് നിരവധി ലഘുലേഖകളും ദൃശ്യ-ശ്രാവ്യോപകരണങ്ങളും തയ്യാറാക്കിയിരിക്കുന്നു. ഈ ലഘുലേഖകൾ വിവിധ പ്രാദേശിക ഭാഷകളിലുള്ളവ വിവർത്തനം ചെയ്തുകഴിഞ്ഞിട്ടുണ്ടു്. വിവിധ പ്രാദേശികഭാഷകളിൽ ഒട്ടുകെ 274_ൽ പരം പ്രഡിഭ്യകരണങ്ങൾ ഇറക്കിയിട്ടുമുണ്ടു്. വിവിധ തലങ്ങളിലെ പരിശീലനത്തിനു് ബോർഡിന്റെ വിദ്യാഭ്യാസ ആപ്പീസർമാരും തൊഴിലാളി അദ്ധ്യാപകരും, ഈ ലഘുലേഖകളേയും ദൃശ്യ-ശ്രാവ്യമാദ്ധ്യമങ്ങളേയും സ്വാതന്ത്ര്യമായി ഉപയോഗപ്പെടുത്തിവരുന്നു. പരിശീലകരുടെ താല്പര്യം വർദ്ധിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും പരിശീലനപരിപാടികളിൽ അവർ സജീവമായി പങ്കെടുക്കുന്നതിനുംവേണ്ടി ഉഭയപക്ഷീയമായ ആശയവിനിമയ രീതിയാണു് സ്വീകരിച്ചിട്ടുള്ളതു്.

വ്യവസായത്തിൽ തൊഴിലാളിയുടെ പങ്ക്

നമ്മുടെ പദ്ധതിവിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങളും കൈവരിക്കുന്നതിൽ തൊഴിലാളികൾക്കും സുപ്രധാനമായൊരു പങ്ക് വഹിക്കേണ്ടതുണ്ടു്. അതിനാൽ തൊഴിലാളി, വ്യവസായത്തിൽ തനിക്കുള്ള പങ്ക് ശരിക്കും മനസ്സിലാക്കണം. വ്യവസായത്തിലേയും അതുപോലെ രാജ്യത്തിലേയും കാര്യങ്ങളിൽ തന്റെ ടേഡ് യൂണിയന്റെ മുമ്പതലകൾ അയാൾ അറിഞ്ഞിരിക്കണം. ടേഡ് യൂണിയൻ യോഗങ്ങൾ വീട്ടിച്ചുകൂട്ടുവാൻ അയാൾക്ക് വശമുണ്ടായിരിക്കണം. അച്ചടക്ക സംഹിതയും, അതു് തൊഴിലുടമകളിലും, തൊഴിലാളികളിലും, ഗവമെണ്ടിലും ഏല്പിച്ചുള്ള ഉത്തരവാദിത്വങ്ങളും അയാൾ മനസ്സിലാക്കിയിരിക്കണം.

തന്റെ അവകാശങ്ങൾ സംരക്ഷിക്കുന്ന പ്രധാനമായിൽ നിയമങ്ങളിലെ വ്യവസ്ഥകളും അയാൾ അറിഞ്ഞിരിക്കേണ്ടതാണ്. അതേ സമയം, വ്യവസായത്തോടും രാജ്യത്തോടുമുള്ള തന്റെ മുതലുകടപ്പാടിനെക്കുറിച്ച് ബോധവാനായിരിക്കുകയും വേണം. പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ പത്തുലക്ഷത്തോടം തൊഴിലാളികളെ ഈ പദ്ധതിക്ക കീഴിൽ കൊണ്ടുവരുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ഈ പദ്ധതി വിദേശങ്ങളിലെ വിദഗ്ദ്ധന്മാരുടെയും അന്താരാഷ്ട്രീയ സംഘടനകളുടേയും പ്രശംസയ്ക്ക് പാത്രീഭവിച്ചിട്ടുണ്ടു്. ഇതിന്റെ വിജയം ഗവർമെണ്ടിനേയും തൊഴിലാളികളുടേയും തൊഴിലുടമകളുടേയും ബോർഡിനേയും സ്വമേധയായുള്ള സഹകരണത്തെ ആശ്രയിച്ചിരിക്കുന്നു. ഈ സഹകരണം ശക്തിപ്പെട്ടുകൊണ്ടിരിക്കുമെന്നും കൂടുതൽ തൊഴിലാളികൾക്ക് പ്രയോജനം സിദ്ധിക്കുമെന്നും കരുതുന്നു.

വ്യവസായത്തിൽ തൊഴിലുടമകളുടെ സഹകരണം

തൊഴിലാളി വിദ്യാഭ്യാസ പരിപാടി നടപ്പാക്കുന്ന കേന്ദ്രബോർഡിന്റെ ഭരണസമിതിയിൽ തൊഴിലാളികളുടേയും തൊഴിലുടമകളുടേയും സംഘടനകൾക്ക് പ്രാതിനിദ്ധ്യം നൽകിയിട്ടുണ്ടു്. തൊഴിലാളി അദ്ധ്യാപകരും എല്ലാ തീരുമാനങ്ങളും ഈ ഭരണസമിതിയാണു് കൈക്കൊള്ളുന്നതു്. തൊഴിലാളി അദ്ധ്യാപകന്മാരായി പരിശീലനത്തിനു് മുഴുവൻ കൂലി നൽകി തൊഴിലാളികളെ അയച്ചുകൊണ്ടു് തൊഴിലുടമകളും ഈ പദ്ധതിയോടു് സഹകരിക്കുന്നുണ്ടു്. ഫാക്ടറി തലത്തിലെ പരിശീലനത്തിനു് മിക്ക തൊഴിലുടമകളും പകുതി സമയം അവധിയും ലഘുഭക്ഷണവും നൽകിവരുന്നുണ്ടു്.

കേന്ദ്ര തൊഴിലാളിവിദ്യാഭ്യാസബോർഡ് ഇതുവരെയായി രാജ്യത്തു 26 പ്രാദേശിക കേന്ദ്രങ്ങളും 36 ഉപപ്രാദേശിക കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ടു്. ഇതിൽ രണ്ടുപ്രാദേശികകേന്ദ്രങ്ങളിൽവിട്ടേസ്ഥലത്തുനിന്നുവരുന്ന തൊഴിലാളി അദ്ധ്യാപക പരിശീലകർ് നാമമാത്രമായ നിരക്കിൽ താമസ_ഭക്ഷണ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടു്.

കൂടുതൽ പ്രാദേശിക കേന്ദ്രങ്ങളും താമസ സ്ഥലങ്ങളും ഏർപ്പെടുത്തി നാലാം പഞ്ചവത്സര പദ്ധതിക്കാലത്തു തൊഴിലാളി വിദ്യാഭ്യാസ പദ്ധതി വികസിപ്പിക്കുവാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ടു്. ഇതുവരെയായി രണ്ടുലക്ഷത്തോളം തൊഴിലാളികളെ പരിശീലിപ്പിച്ചു കഴിഞ്ഞിട്ടുണ്ടു്. അയ്യായിരത്തിൽപരം തൊഴിലാളികളെ തൊഴിലാളി അദ്ധ്യാപകരായി പരിശീലിപ്പിച്ചിട്ടുമുണ്ടു്. നാലാംപദ്ധതിയുടെ അവസാനത്തിൽ പത്തുലക്ഷത്തോടം തൊഴിലാളികളെ ഈ പദ്ധതിക്ക കീഴിൽ കൊണ്ടുവരുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ഈ പദ്ധതി വിദേശങ്ങളിലെ വിദഗ്ദ്ധന്മാരുടെയും അന്താരാഷ്ട്രീയ സംഘടനകളുടേയും പ്രശംസയ്ക്ക് പാത്രീഭവിച്ചിട്ടുണ്ടു്. ഇതിന്റെ വിജയം ഗവർമെണ്ടിനേയും തൊഴിലാളികളുടേയും തൊഴിലുടമകളുടേയും ബോർഡിനേയും സ്വമേധയായുള്ള സഹകരണത്തെ ആശ്രയിച്ചിരിക്കുന്നു. ഈ സഹകരണം ശക്തിപ്പെട്ടുകൊണ്ടിരിക്കുമെന്നും കൂടുതൽ തൊഴിലാളികൾക്ക് പ്രയോജനം സിദ്ധിക്കുമെന്നും കരുതുന്നു.

പ്രാഥമിക ലക്ഷ്യം

തൊഴിലാളി വിദ്യാഭ്യാസ പദ്ധതി രാജ്യവ്യാപകമാകുമ്പോൾ രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തികവികസനത്തിൽ മുഴുവൻ പങ്കും നിർവഹിക്കുന്നതിനും വേണ്ടി തൊഴിലാളി നേതാക്കൾക്ക് അവയെക്കുറിച്ച് നല്ല അറിവ് ഉണ്ടായിരിക്കണം. ഇതുകൊണ്ടുതന്നെ, ഇന്ത്യയിൽ തൊഴിലാളി വിദ്യാഭ്യാസത്തിന്റെ പ്രഥമിക ലക്ഷ്യവും അതുതന്നെയാണ്. രാജ്യാഭിവൃദ്ധിക്കുള്ള മഹത്തായ ശ്രമത്തിലെ പങ്കാളികളാണ് തൊഴിലാളിയൂണിയനുകൾ. വിശാലമായ ദേശീയ താൽപര്യങ്ങളിൽനിന്നു് ഒഴിഞ്ഞമാറി നിൽക്കുന്ന ഇടുങ്ങിയ സമ്മർദ്ദവിഭാഗങ്ങളല്ല ഇവ. അംഗങ്ങൾക്ക് അഹ്മായ സമ്പത്തികനേട്ടങ്ങൾ ലഭിക്കുന്നതിനു വേണ്ടി യൂണിയനുകൾ സമരം ചെയ്യേണ്ടതുണ്ടെങ്കിലും, രാജ്യത്തിന്റെ താൽപര്യങ്ങളേയും ആവശ്യങ്ങളേയും കരുതി സമരം ചെയ്യുന്നതിനും സംഘടനയിൽ ഒരു പ്രത്യേക ഘടകം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടു്.

ഗവേഷണ_ഡിസൈൻ_സ്റ്റാണ്ടാർഡ്സ് സംഘടനയെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ നിരവധിയാണ്. ഈ പ്രശ്നങ്ങളെ പരിഹരിക്കുന്നതിൽ സംഘടനയ്ക്ക് മേഖലാ റെയിൽവേകളിൽനിന്നും ദേശീയ ലബോറട്ടറികളിൽനിന്നും ഇന്ത്യയ്ക്കുള്ളിലും പുറത്തും നിന്നുള്ള നിരവധി സാങ്കേതിക സ്ഥാപനങ്ങളിൽനിന്നും ലോഭമില്ലാത്ത സഹായം കിട്ടിയിട്ടുണ്ടു്.

സോയിൽ മെക്കാനിക്സ് മുതൽ എലക്ട്രോണിക്സ്വരെ, ശാസ്ത്രീയവും സാങ്കേതികവുമായ വിഷയങ്ങളുടെ ഒരു വലിയ മണ്ഡലം സംഘടനയ്ക്ക് കൈകാര്യം ചെയ്യാനുണ്ടു്. ഈ ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിലുള്ള 30 വിദഗ്ധ സംഘങ്ങളാണ് ഈ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതു്.

വ്യവസായത്തൊഴിലാളികളുടെ ടേഡ് യൂണിയൻ കാര്യങ്ങളിൽ ബുദ്ധിപൂർവ്വകമായ താല്പര്യം പ്രദർശിപ്പിക്കുകയും ഈമേഖലയിലെ രാജ്യത്തെ ടേഡ് യൂണിയൻ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിൽ സഹായിക്കുകയും ചെയ്യുന്നതും ആശാവഹമായ കാര്യങ്ങളാണ്.

തൊഴിലുടമകളുടെ സഹകരണം

തൊഴിലാളി വിദ്യാഭ്യാസ പരിപാടി നടപ്പാക്കുന്ന കേന്ദ്രബോർഡിന്റെ ഭരണസമിതിയിൽ തൊഴിലാളികളുടേയും തൊഴിലുടമകളുടേയും സംഘടനകൾക്ക് പ്രാതിനിദ്ധ്യം നൽകിയിട്ടുണ്ടു്. തൊഴിലാളി അദ്ധ്യാപകരും എല്ലാ തീരുമാനങ്ങളും ഈ ഭരണസമിതിയാണു് കൈക്കൊള്ളുന്നതു്. തൊഴിലാളി അദ്ധ്യാപകന്മാരായി പരിശീലനത്തിനു് മുഴുവൻ കൂലി നൽകി തൊഴിലാളികളെ അയച്ചുകൊണ്ടു് തൊഴിലുടമകളും ഈ പദ്ധതിയോടു് സഹകരിക്കുന്നുണ്ടു്. ഫാക്ടറി തലത്തിലെ പരിശീലനത്തിനു് മിക്ക തൊഴിലുടമകളും പകുതി സമയം അവധിയും ലഘുഭക്ഷണവും നൽകിവരുന്നുണ്ടു്.

കേന്ദ്ര തൊഴിലാളിവിദ്യാഭ്യാസബോർഡ് ഇതുവരെയായി രാജ്യത്തു 26 പ്രാദേശിക കേന്ദ്രങ്ങളും 36 ഉപപ്രാദേശിക കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ടു്. ഇതിൽ രണ്ടുപ്രാദേശികകേന്ദ്രങ്ങളിൽവിട്ടേസ്ഥലത്തുനിന്നുവരുന്ന തൊഴിലാളി അദ്ധ്യാപക പരിശീലകർ് നാമമാത്രമായ നിരക്കിൽ താമസ_ഭക്ഷണ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടു്.

കൂടുതൽ പ്രാദേശിക കേന്ദ്രങ്ങളും താമസ സ്ഥലങ്ങളും ഏർപ്പെടുത്തി നാലാം പഞ്ചവത്സര പദ്ധതിക്കാലത്തു തൊഴിലാളി വിദ്യാഭ്യാസ പദ്ധതി വികസിപ്പിക്കുവാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ടു്. ഇതുവരെയായി രണ്ടുലക്ഷത്തോളം തൊഴിലാളികളെ പരിശീലിപ്പിച്ചു കഴിഞ്ഞിട്ടുണ്ടു്. അയ്യായിരത്തിൽപരം തൊഴിലാളികളെ തൊഴിലാളി അദ്ധ്യാപകരായി പരിശീലിപ്പിച്ചിട്ടുമുണ്ടു്. നാലാംപദ്ധതിയുടെ അവസാനത്തിൽ പത്തുലക്ഷത്തോടം തൊഴിലാളികളെ ഈ പദ്ധതിക്ക കീഴിൽ കൊണ്ടുവരുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ഈ പദ്ധതി വിദേശങ്ങളിലെ വിദഗ്ദ്ധന്മാരുടെയും അന്താരാഷ്ട്രീയ സംഘടനകളുടേയും പ്രശംസയ്ക്ക് പാത്രീഭവിച്ചിട്ടുണ്ടു്. ഇതിന്റെ വിജയം ഗവർമെണ്ടിനേയും തൊഴിലാളികളുടേയും തൊഴിലുടമകളുടേയും ബോർഡിനേയും സ്വമേധയായുള്ള സഹകരണത്തെ ആശ്രയിച്ചിരിക്കുന്നു. ഈ സഹകരണം ശക്തിപ്പെട്ടുകൊണ്ടിരിക്കുമെന്നും കൂടുതൽ തൊഴിലാളികൾക്ക് പ്രയോജനം സിദ്ധിക്കുമെന്നും കരുതുന്നു.

പ്രാഥമിക ലക്ഷ്യം

തൊഴിലാളി വിദ്യാഭ്യാസ പദ്ധതി രാജ്യവ്യാപകമാകുമ്പോൾ രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തികവികസനത്തിൽ മുഴുവൻ പങ്കും നിർവഹിക്കുന്നതിനും വേണ്ടി തൊഴിലാളി നേതാക്കൾക്ക് അവയെക്കുറിച്ച് നല്ല അറിവ് ഉണ്ടായിരിക്കണം. ഇതുകൊണ്ടുതന്നെ, ഇന്ത്യയിൽ തൊഴിലാളി വിദ്യാഭ്യാസത്തിന്റെ പ്രഥമിക ലക്ഷ്യവും അതുതന്നെയാണ്. രാജ്യാഭിവൃദ്ധിക്കുള്ള മഹത്തായ ശ്രമത്തിലെ പങ്കാളികളാണ് തൊഴിലാളിയൂണിയനുകൾ. വിശാലമായ ദേശീയ താൽപര്യങ്ങളിൽനിന്നു് ഒഴിഞ്ഞമാറി നിൽക്കുന്ന ഇടുങ്ങിയ സമ്മർദ്ദവി

പുതിയ ഗവ: തീരുമാനത്തിനു് "ഉപ്പിലിട്ടുവച്ച" പെൻഷൻകാര്യം

(സ്വ. ലേ) തിരുവ. ഏ. 8

ഗവണ്മെണ്ടു ജീവനക്കാരുടെ പെൻഷൻ വയസ്സു് 55_ൽനിന്നു് 58 ആക്കി ഉയർത്തുന്ന പ്രശ്നത്തിൻ ഗവണ്മെണ്ടു ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ചനിർദ്ദേശങ്ങൾസമർപ്പിക്കാൻ നിയുക്തമായിട്ടുള്ള പേക്കമ്മീഷനോടു ഗവ: അഭിപ്രായം ആരായുന്നതാണെന്നു വിവരം ലഭിച്ചിരിക്കുന്നു.

ഗവണ്മെണ്ടു നിയോഗിച്ചിട്ടുള്ള പേക്കമ്മീഷൻ അവരുടെ ഒടുക്കാലറിപ്പോർട്ടു ഈ മാസം അവസാനത്തിനുമുമ്പു് സമർപ്പിക്കുന്നതാണു്. ഈ റിപ്പോർട്ടിൽ പെൻഷൻ വയസ്സു് 58 ആക്കുന്നതു സംബന്ധിച്ച അഭിപ്രായപ്രകടനവും ഉണ്ടായിരിക്കുമെന്നാണു് കരുതുന്നതു്.

പേക്കമ്മീഷനിന്റെ അഭിപ്രായങ്ങൾകൂടി അറിഞ്ഞശേഷമേ ഇക്കാര്യത്തിൽ ഗവണ്മെണ്ടു തീരുമാനം എടുക്കുകയുള്ളൂ എന്നാണു് അറിയുന്നതു്.

ശങ്കർ മന്ത്രിസഭാകാലത്തുണ്ടു് പെൻഷൻ വയസ്സു് 58 ആക്കാൻ ഏതാണ്ടു് അവസാനതീരുമാനം എടുത്തതാണു്. എന്നാൽ 58 എന്ന നിർണ്ണയപക്ഷം 3 കൊല്ലത്തേയ്ക്കുള്ള നിയമനങ്ങൾ തികച്ചും സ്വാഭാവികമെന്ന പറഞ്ഞു് ഉത്തരവു് പുറപ്പെടുവിക്കാതെ ആ തീരുമാനം അവിടെ താമസിപ്പിക്കുകയാണു ചെയ്തതു്.

ശങ്കർ മന്ത്രിസഭാപതനത്തിനുശേഷംഫയൽ തീരുമാനത്തിനു് അഡ്വൈസറുടെ പക്കലെത്തി. പുതിയ ഭരണസംവിധാനം എടുക്കട്ടെ എന്ന അഡ്വൈസർഉത്തരവിട്ടു. ജനകീയ മന്ത്രിസഭ തീരുമാനിക്കട്ടെ എന്നതായിരുന്നു ആ ഉത്തരവിന്റെ അർത്ഥം.

പ്രസിഡന്റുഭരണം തുടരുന്ന "പുതിയ ഭരണസംവിധാനം" വന്നതുകൊണ്ടു് പെൻഷൻ വയസ്സു് വീണ്ടും തീരുമാനത്തിനായി ഉയർത്തുന്നേററിട്ടുണ്ടു്. പേക്കമ്മീഷനിന്റെ അഭിപ്രായംകൂടി അറിഞ്ഞശേഷം ഇക്കാര്യത്തിൽ അവസാനതീരുമാനം എടുക്കാം എന്നതാണു് ഉയർന്ന കേന്ദ്രങ്ങളിലെ അഭിപ്രായഗതി. അതുകൊണ്ടു് പ്രശ്നം അടുത്തുതന്നെ പേക്കമ്മീഷനിന്റെ അഭിപ്രായത്തിനു വിട്ടുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

പെൻഷൻവയസ്സു് ദീർഘിപ്പിക്കുകഎന്ന തീരുമാനം ഉണ്ടാകുന്നപക്ഷം ഏതുതിയതിമുതൽ എന്ന പ്രശ്നവും പൊന്തിവന്നിട്ടുണ്ടു്. ആരെയെങ്കിലും സഹായിക്കാനോ ദ്രോഹിക്കാനോ പെൻഷൻവയസ്സുനീട്ടി എന്നു് പറയാതിരിക്കുന്നതിനു് സാമ്പത്തികവർഷം അല്ലെങ്കിൽ കലണ്ടർവർഷം എന്ന അടിസ്ഥാനം ഈ കാര്യത്തിൽ സ്വീകരിക്കണമെന്നാണു് പൊതുവായ അഭിപ്രായഗതി. ഈ രണ്ടു് അടിസ്ഥാനങ്ങളിൽ ഏതു് സ്വീകരിച്ചാലും അതേപ്പറ്റിയും ന്യായമായി ആക്ഷേപം പറായിയുമുണ്ടാകുമെന്നതിനാൽ ഇക്കാര്യത്തിലുള്ള തീരുമാനം ഉണ്ടാകുന്നതുവരെയുള്ള റിട്ടയർമെൻറുകൾ സ്റ്റേ ചെയ്യണമെന്നും ഒരു ആവശ്യം ഉന്നയിക്കപ്പെടുന്നുണ്ടു്.

.....

മുസ്ളീം ഭടന്മാർ ഹജ്ജു് തീർത്ഥാടനത്തിനു്

ഗാസ, ഏ. 9

മദ്ധ്യപൂർവ്വദേശത്തു് ഐക്യരാഷ്ട്ര അടിയന്തിര സേനയിൽ സേവനമനുഷ്ഠിക്കുന്ന ഇന്ത്യൻ സൈന്യവിഭാഗത്തിൽപ്പെട്ട 14 മുസ്ളീം ഭടന്മാർ ഹജ്ജു് തീർത്ഥാടനത്തിൽ പങ്കെടുക്കാനായി ഇന്നലെ ഗാസയിൽനിന്നും സൗദ്അറേബ്യവഴി ജിദ്ദയിലേക്കു പോയിരിക്കുന്നു. ഇവരുടെ സ്ഥാനത്തിലേക്കു പോയിരിക്കുന്നു. ഇവരുടെ സ്ഥാനത്തിലേക്കു പുതിയ ഒരു സംഘം ഭടന്മാർ ഉടൻതന്നെ ഗാസയിലെത്തുന്നതാണു്.

അദ്ധ്യാപകക്കു് ഗവേഷണത്തിനു് ഗ്രാൻറു്

ന്യൂഡൽഹി, ഏ. 9

ശാസ്ത്രേതര വിഷയങ്ങളിൽ വിവിധ സർവ്വകലാശാലകളിലും കോളേജുകളിലും 1965_66ൽ ഗവേഷണ പ്രവർത്തനങ്ങളും നടത്തുന്നതിനു 111 അദ്ധ്യാപകക്കു് സർവ്വകലാശാലാ ധനസഹായകമീഷൻ 58165 രൂ. ഗ്രാൻറനുവദിച്ചിരിക്കുന്നു.

—o—

"ഏർളി ബേർഡ്" പരീക്ഷണ ഉപഗ്രഹം

ടെലിവിഷൻ സിഗ്നലുകളയയ്ക്കുന്നു

വാഷിംഗ്ടൺ, ഏപ്രിൽ 9

"ഏർളി ബേർഡ്" എന്ന വാർത്താവിനിമയോപഗ്രഹം ബുധനാഴ്ച ഭൂമിയിൽനിന്നുള്ള പരീക്ഷണ ടെലിവിഷൻ സിഗ്നലുകൾ സ്വീകരിക്കുകയും ഭൂമിയിലേയ്ക്കു് സിഗ്നലുകൾ അയയ്ക്കുകയും ചെയ്തിരിക്കുന്നു.

വിക്ഷേപണാനന്തരം ഒരു ദിവസം തികയുംമുമ്പു് ഈ പരീക്ഷണം നടന്നു. ചൊവ്വാഴ്ചയാണു് കേപ്കെന്നഡി (ഫ്ളോറിഡാ)യിൽനിന്നു് ഈ ഉപഗ്രഹം വിക്ഷേപിക്കപ്പെട്ടതു്. "ഏർളി ബേർഡ്" വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ആഗോളവാർത്താവിനിമയോപഗ്രഹപദ്ധതിയുടെ മുന്നോടിയാണു്.

ആൻഡോവറിൽ (മെയിൻ) ഉള്ള സ്റ്റേഷനിൽനിന്നാണു് ഉപഗ്രഹത്തിലേയ്ക്കുള്ള പരീക്ഷണ റേഡിയോ സിഗ്നൽ അയച്ചതു്. തെക്കേ അമേരിക്കയുടെ മകളിൽ ഏറാവൂ ഉയരത്തിലുള്ള ഭ്രമണപഥത്തിലേയ്ക്കു് അതപ്പോൾ പാഞ്ഞുകയറിക്കൊണ്ടിരിക്കുകയായിരുന്നു. ഉപഗ്രഹത്തിൽനിന്നു ഭൂമിയിൽ ലഭിച്ച ടെലിവിഷൻ സിഗ്നലുകൾ ഒന്നാംതരമായിരുന്നു.

"ഏർളി ബേർഡ്" ശരിയായ ഭ്രമണപഥത്തിൽ നിശ്ചിതരീതിയിൽ പ്രവർത്തിക്കുന്നപക്ഷം യൂറോപ്പും വടക്കേ അമേരിക്കയും തമ്മിൽ ടെലിഫോൺ സംഭാഷണങ്ങളും ടെലിവിഷൻ പ്രക്ഷേപണങ്ങളും നടത്തുന്നതിനു് അവയെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു സ്റ്റേഷനായിരിക്കുമതു്. ശൂന്യാകാശത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥാനമനുസരിച്ചു് അതിനെ എത്തിക്കുന്നതിനു് വൈഷമ്യമുള്ള ചില കൃത്യങ്ങൾ ഇനി നിർവ്വഹിക്കേണ്ടതായുണ്ടു്. അറ്റ്ലാൻറിക്കു് സമുദ്രത്തിനു മുകളിൽ ഒരു നിശ്ചലഭ്രമണപഥത്തിൽ അതിനെ എത്തിക്കാനുള്ള ഒരു ശ്രമം പുരോഗമിച്ചുവരുന്നു.

"ഏർളി ബേർഡി"ലുള്ള ചെറിയൊരു റോക്കറ്റ് അതിനെ ഒരു വൃത്താകാര ഭ്രമണപഥത്തിലേയ്ക്കു് തള്ളിവിട്ടം. അതിനടുത്ത പത്തുദിവസങ്ങളിൽ ഭ്രമിയിൽനിന്നു് നൽകുന്ന റേഡിയോ ആജ്ഞ അനുസരിച്ചു് ചെറിയ വാതകജെറ്റുകളുടെ ഉപഗ്രഹത്തിൽനിന്നു് പുറപ്പെടുവിക്കുന്നതാണു്. ഈ ജെറ്റുകളുടെ ഉപഗ്രഹത്തിൽനിന്നു് പുറപ്പെടുവിക്കുന്നതാണു്. ഈ ജെറ്റുകളുടെ ഉപഗ്രഹത്തെ അറ്റ്ലാൻറിക്കിൽ ഭ്രമധ്യരേഖയ്ക്കു മുകളിലുള്ള ഒരു സ്ഥാനത്തേയ്ക്കുനീക്കും. അവിടെയെത്തിയശേഷം ശൂന്യാകാശത്തിൽ ടെലിഫോൺ സംഭാഷണങ്ങൾക്കും ടെലിവിഷൻ പ്രക്ഷേപണങ്ങൾക്കുമുള്ള ഒരു സ്വിച്ച്ബോർഡായി അതു് പ്രവർത്തിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

ചാലക്കുടി ഇറിഗേഷൻ ഡിവിഷനൽ ഓഫീസ് ഇളക്കിക്കൊണ്ടുപോകുന്നു

അണിയറയിൽ ഒരുക്കങ്ങളാരംഭിച്ചു

[സ്വ. ലേ] ചാലക്കുടി, ഏ. 8

ചാലക്കുടി ഇറിഗേഷൻ പദ്ധതിയുടെ കേന്ദ്ര ഓഫീസായ ഡിവിഷനൽ ഓഫീസ്, ഇവിടെനിന്നുമവിടേക്കൊ മാറാനുള്ള പരിശ്രമങ്ങൾ നടന്നുവരുന്നതായറിവായിരിക്കുന്നു.

ഈ ഓഫീസ് മൻപു് കന്നിലധികം തവണയിവിടെനിന്നു മാറ്റാനായി അണിയറയിൽ ചില നടപടികളെല്ലാം നടക്കുകയും, അതു് അമ്പേ പരാജയമടയുകയുമാണുണ്ടായതു്.

1949_ലാണു് ഓഫീസിവിടെ സ്ഥാപിതമായതു്. ഷോളയാർ പദ്ധതിയുടെ പൂർത്തീകരണത്തോടെ (മൂന്നാലു് മാസത്തിനകം പദ്ധതി പൂർത്തീകരിക്കും) ചാലക്കുടി ജലസേചനപദ്ധതിയിൽ നിന്നു കൂടുതൽ കൃഷിയിടങ്ങൾക്കു് ജലസേചനസൗകര്യം ലഭിക്കും. ഈ സൌകര്യങ്ങളും അപ്പപ്പോൾ ക്രമീകരിക്കുന്നും, പരാതികളും, അഭിപ്രായങ്ങളും ആറിക്കാനുമായി നാട്ടിൻപുറത്തെ കർഷകർ കാരോത്തരായി ഓഫീസിലോ, എറണാകുളത്തോ പോയിട്ടുവേണമെന്ന ഒരു സ്ഥിതിവിശേഷമാണു് ഈ ഓഫീസ് മാറാംമൂലം സംജാതമാകുകയെന്നതു് എടുത്തുപറയത്തക്കതാണു്.

ചാലക്കുടി ജലസേചന പദ്ധതിയിൽനിന്നു് മുകുന്ദപുരം താലൂക്കിലെ ചാലക്കുടി, പരിയാരം, കോടശ്ശേരി, മേലൂർ, കൊരട്ടി, കല്ലൂർ വടക്കുംമുറി, ആളൂർ, കല്ലേറുകര, കല്ലൂർ തെക്കുംമുറി, കുഴൂർ, ആലുവ്വൂർ, ആമ്പല്ലൂർ, മാറ്റത്തൂർ, മുരുങ്ങൂർ തെക്കുംമുറി, വടക്കുംമുറി, കുന്നത്തുനാടു് താലൂക്കിലെ കോതകുളങ്ങര, മഞ്ഞപ്ര, മാണിക്കമംഗലം, പാറപ്പുറം താലൂക്കിലെ പാറക്കടവു്, പെരുമ്പാവൂർ തുടങ്ങിയ വില്ലേജുകളിലാണു് ജലസേചനസൌകര്യം നല്കുന്നതു്. ഈ പ്രദേശങ്ങളിൽ നിന്നെല്ലാം എത്തിച്ചേരുവാനുള്ള സൌകര്യം എന്നുകൊണ്ടും ചാലക്കുടിയാണെന്ന വസ്തുത അവിതർക്കിതമാണു്.

അങ്ങിനെ നിരവധി ജനങ്ങളുമായി ബന്ധപ്പെടേണ്ട ഒരു ഓഫീസ് ഇവിടെനിന്നു് മാറുകയെന്നതു് യാതൊരു വിധത്തിലും അനുവദിക്കത്തക്കതല്ല തന്നെ.

ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിൽ ഇയ്യിടെ ചില പരിഷ്കരണ (പരിഷ്കരണമെന്നു പറയുന്നതിനേക്കാൾ അധഃപതനമെന്നു് പറയുന്നതായിരിക്കും ശരി.) നടപടികളും ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണു് ഓഫീസ്സ് മാറ്റാൻ പ്രശ്നം പൊന്തിയിരിക്കുന്നതതു്.

ഏതായാലും വസ്തുതകളും പുനഃശോധന ചെയ്തു് നോക്കേണ്ടതാവശ്യമായിരിക്കുന്നു.

.....

സാഹിത്യപരിഷത്തു ധനകാര്യ കമ്മീററിയോഗം

(സ്വ. ലേ.) ഇരിങ്ങാലക്കുട ഏ. 7

ഇവിടെവെച്ചു നടക്കുവാൻ പോകുന്ന സമസ്ത കേരള സാഹിത്യപരിഷത്തു സമ്മേളനത്തിന്റെ ധനകാര്യക്കമ്മീററിയുടെ ഒരു യോഗം സ്വാഗതസംഘം പ്രസിഡണ്ടു് കെ. പി. ജോണിയുടെ അദ്ധ്യക്ഷതയിൽകൂടി സമ്മേളനവിലവിലേക്ക 10വക. 50കു. 25കു. 10കു. എന്നീ തോതുകളിൽ ടിക്കാവിൽപന നടത്തി ഫണ്ടു പിരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

—

2564 കോടി രൂപയുടെ കറൻസിനോട്ടുകൾ

ന്യൂഡൽഹി, ഏ. 8

1965 ഫെബ്രുവരി 19 വരെ 2564 കോടി രൂപയുടെ കറൻസിനോട്ടുകൾ റിസർവ് ബാങ്ക് പുറപ്പെടുവിച്ചിട്ടുണ്ടെന്നു് ധനകാര്യമന്ത്രി ടി. ടി. കൃഷ്ണമാചാരി ഇന്നു് ലോക്സഭയിൽപ്രസ്താവിച്ചിരിക്കുന്നു.

എന്നാൽ കരിഞ്ചന്തയിൽ എതു രൂപയുടെ നോട്ടുകൾ പ്രചരിക്കുന്നുണ്ടെന്നു് ഗവണ്മെൻറിനറിവില്ലെന്നും അദ്ദേഹം പറഞ്ഞു.

—

അരിവിതരണത്തിൽ ക്രമക്കേടുകൾ

കറത്തൊ, ഏപ്രിൽ 8

ഇവിടത്തെ ചില ന്യായവിലഷാപ്പുകളിലെ അരിവിതരണത്തിൽ ചില ക്രമക്കേടുകൾ ഉള്ളതായി നാട്ടുകാർ പരാതി ഉന്നയിച്ചിരിക്കുന്നു. [സ്വ. ലേ]

.....

ഇന്ത്യൻ കടൽ തീരത്തു് പുതിയ കടൽ ചൊറി പ്രാണികൾ

എറണാകുളം, ഏ. 9

ജീവശാസ്ത്രജ്ഞന്മാർക്കു് തല്പര്യജനകമായ ഒരു സ്ഥാനം വഹിക്കുന്ന പോഗണോഫോറാ എന്ന ഇനം കടൽച്ചൊറി പ്രാണികളെ (കണ്ടകച്ചൊറികൾ) കേന്ദ്ര സമുദ്രമത്സ്യഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ: ഇ. ജി. സൈലസ് ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ തീരത്തുനിന്നു് ഇടംപ്രഥമമായി ശേഖരിച്ചിരിക്കുന്നു, അന്തോനോർവീജിയൻ പദ്ധതിയുടെ ആർ. വി. വരുണ എന്ന കപ്പലിൽ മത്സ്യസംബന്ധമായ ഗവേഷണങ്ങൾക്കായി ഇന്ത്യാ സമുദ്രത്തിൽ നടത്തിയ അന്വേഷണ വേളയിലാണു് ഇവയെ കണ്ടെത്തിയതു്.

ഇന്ത്യാ സമുദ്രത്തീരത്തു് 200 മുതൽ 340 വരെ മീററർ ആഴമുള്ള സ്ഥലത്തുനിന്നാണു് ഇന്ത്യൻ മത്സ്യശാസ്ത്രജ്ഞൻ ഈ പ്രാണികളെ പിടിച്ചെടുത്തതു്. ഇന്ത്യാ സമുദ്രപര്യവേക്ഷണവേളയിൽ റഷ്യൻ ശാസ്ത്രജ്ഞനായ പ്രൊഫസർ എ. വി. ഇവാനോവു് ഇത്തരം പ്രാണികളെ കണ്ടെത്തിയിരുന്നു.

കഴലാകൃതിയിൽ ശരീരമുള്ള ഈ കടൽ പ്രാണികളെ തീരത്തോടടുത്ത കടലിനടിയിൽ പാറക്കെട്ടുകൾക്കിടക്കോ അഗാധമായകഴികളിലോ മാർദ്ദവമേറിയ ചെളിയിലോആണു് സാധാരണകണ്ടുവരാറുള്ളതു്. 9050മീററർവരെയുള്ള സ്ഥലങ്ങളിൽ ഇവയുള്ളതായി അറിഞ്ഞിട്ടുണ്ടു്. ഇന്ത്യൻ തീരത്തുനിന്നു് ശേഖരിച്ച കഴലകൾക്കു് 54 സെൻറീ മീററോളം നീളം വരും അവ സുതാര്യവും പരപദരത്തുമാണു്. കഴലകൾക്കു ചുറ്റും വൃത്താകൃതിയിൽ വരകൾ കാണാം. ഒരു കഴലിൽ ഒരു പ്രാണിയേ ഉണ്ടാകൂ. ആമാശയമില്ലെന്നതാണു് ഈ സമുദ്രജീവിയുടെ പ്രധാന സവിശേഷത, സമുദ്രത്തിനടിയിൽ വെള്ളത്തിൽ പമ്പിക്കിടക്കുന്ന ജൈവവസ്തുക്കളും അരിച്ചു തിന്നാൻ ഇവയ്ക്കു പ്രത്യേക കഴിവുണ്ടു്.

ജീവിത ചക്രത്തിൽ വെള്ളത്തിൽ ഇഷ്ടം പോലെ സഞ്ചരിക്കാവുന്ന ഒരു ഘട്ടമില്ലാത്തതുകൊണ്ടാണു് പോഗണോഫോറയെ വളരെ ചുരുക്കമായി മാത്രം കാണപ്പെടുന്നതു്. ചിലപ്രദേശങ്ങളിൽ ഈ പ്രാണികളെ കൂടുതലായികാണുന്നതും സമുദ്രത്തിനടിഭാഗത്തെ ജൈവനിക്ഷേപങ്ങളുടെ ഇടയ്ക്കിടെയുള്ള ജലപ്രവാഹത്തിന്റെ കാരണം ഉത്പാദനക്രമത്തിലുണ്ടാകുന്ന അസമനിലയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടാകാം.

കടൽച്ചൊറി പ്രാണികളെ സംബന്ധിച്ച ഗവേഷണ പ്രവർത്തനത്തിനു് റഷ്യയിലെ ലെനിൻഗ്രാഡ് സർവ്വകലാശാലയിലെ പ്രൊഫസർ ഇവാനോവിനു് 1961_ൽ ലെനിൻ പ്രൈസ് ലഭിക്കുകയുണ്ടായി.

—

ചെത്തുതൊഴിലാളി യോഗം

മാള, ഏ. 8

മാള ചാലക്കുടി റെയിഞ്ചിൽ ചെത്തുതൊഴിലാളികളുടെയുംവക്കിങ്ങ്കമ്മറിറിയംഗങ്ങളുടേയും, ശാഖാ സെക്രട്ടറിമാരുടേയും യോഗം പ്രസി: വി. പി. മാധവൻറെ അദ്ധ്യക്ഷതയിൽ കൂടി. യൂണിയൻ വാർഷികസമ്മേളനം മേയ് 1_ാംതീയതി വിപുലമായ തോതിൽ കലാപരിപാടികളോടുകൂടി നടത്തുവാനും ഏ. 29_ാംതീയതി വാർഷിക ജനറൽ ബോഡിയും ചേരുവാനും തീരുമാനിച്ചു. സമ്മേളനനടത്തിപ്പിന്നായി 51 പേരുള്ള സ്വാഗതസംഘവും 15 പേരുള്ള എക്സിക്യൂട്ടീവിനേയും തെരഞ്ഞെടുത്തു. പിരിച്ചുവിടലിനെതിരായും അടിയന്തിരാവശ്യങ്ങൾനേടുന്നതിനുംവേണ്ടി തൃശൂർ ഡിസ്ട്രിക്ടിൽ മദ്യഷാപ്പു് യൂണിയൻ നടത്തുന്ന സമരത്തിൽ ഗവ: ഇടപെടുന്നതിനുള്ള ഒരു പ്രമേയവും യോഗം പാസ്സാക്കി.

—

അരിവിതരണത്തിൽ ക്രമക്കേടുകം

കറത്തൊ, ഏപ്രിൽ 8

ഇവിടത്തെ ചില ന്യായവിലഷാപ്പുകളിലെ അരിവിതരണത്തിൽ ചില ക്രമക്കേടുകം ഉള്ളതായി നാട്ടുകാർ പരാതി ഉന്നയിച്ചിരിക്കുന്നു. [സ്വ. ലേ]

.....

പ്രൈവറേ ബസ്സുകളെ അടിച്ചു പുറത്താക്കുന്നു

മെയ് മുതൽ മുതൽ ചാലക്കുടി പ്രദേശത്തെ പ്രൈവറേ ബസ്സുകൾ സർവ്വീസുനിർത്താൻ ആലോചന

(സ്വ. ലേ.) ചാലക്കുടി, ഏ. 9

ഇവിടെ ഇപ്പോൾതന്നെ ഓടിക്കൊണ്ടിരിക്കുന്ന വളരെയധികം പ്രൈവറേ സർവീസ് ബസ്സുകൾ മെയ് 1_ാം തീയതി മുതൽ നാഷണൽ ഹൈവേ വേച്ച് ചെയ്യാൻ പാടില്ലെന്നു് അധികൃതർ ബസ്സുടമകളെ അറിയിച്ചിരിക്കുന്നതായറിയുന്നു.

എന്നാൽ ഇതുമൂലമുണ്ടാകുന്ന യാത്രാക്ലേശങ്ങൾ ഇല്ലാതാക്കാൻവേണ്ടി ട്രാൻസ്പോർട്ടു് കോർപ്പറേഷൻ യാതൊരു നടപടികളും എടുത്തിട്ടുമില്ലത്രെ. ഇതു് ഇപ്പോൾതന്നെ നാട്ടുകാരുടെയിടയിൽ പരക്കെ ആക്ഷേപങ്ങൾക്കിടയായിത്തീർന്നിരിക്കുകയാണു്.

ഒരു മലയോരപ്രദേശമായ വെള്ളികുളങ്ങരയിൽനിന്നു് ചാലക്കുടിക്കുള്ളസർവ്വീസുകം ഇവിടത്തെ പോലീസ്സ്റ്റേഷൻ വരെ മാത്രമേ (ബസ്സ്സ്റ്റാൻറ് വരെ) വരുന്നുള്ളൂ. അതുപോലും വയ്യെന്നാണു് പുതിയ ഉത്തരവു് പുതിയ നിബന്ധനയനുസരിച്ചു് ആനമല ജംഗ്ഷൻ വരെ മാത്രമേ സർവ്വീസു് അനുവദിച്ചിട്ടുള്ളൂ. ഒട്ടേറെ കാർഷിക വിഭവങ്ങൾ ഈ സർവ്വീസുവഴി സ്ഥലത്തെ മാർക്കറ്റിലേക്കു് കൊണ്ടുവരുന്നുണ്ടു്. ഇതു് അസാദ്ധ്യമാക്കിത്തീർത്തിരിക്കുകയാണീ ഉത്തരവു് മൂലം.

കാഞ്ഞിരപ്പിള്ളി_കുണ്ടൻകോട്ട ബസ്സു് സർവ്വീസുകം നാഷണൽ ഹൈവേയിൽകൂടി വെറും രണ്ടരമൈലു് ഫർലോംഗ് മാത്രമേയാടേണ്ടതായിട്ടുള്ളൂ. അതും ഈ ഉത്തരവുമൂലം ഇനിവരുന്നില്ല. ഈ സർവ്വീസ് കമ്പനികൾ കാഞ്ഞിരപ്പിള്ളിയിൽനിന്നു രംഭിച്ചു് ആനമല ജംഗ്ഷനിലവസാനിപ്പിക്കുകയോ, കുണ്ടൻകോട്ടയിൽനിന്നാരംഭിച്ചു് ചാലക്കുടിജംഗ്ഷൻവരെ എത്തിനിറുത്തുകയോ വേണമെന്നതാണു് ഇപ്പോഴത്തെനില. ഇതുമൂലം നാല്നാഴികയോ, മൂന്നുനാഴികയോ ദൂരമുള്ള പരിയാരത്തുനിന്നോ, എലഞ്ഞിപ്രയിൽനിന്നോ ഉള്ള കുട്ടികൾക്കു് സ്കൂളിലും കോളേജിലും പോകണമെങ്കിൽ രണ്ടുപ്രാവശ്യം ബസ്സുകം മാറിക്കയറണം. 10നാഴികയോളമുള്ളദൂരം ചാലക്കുടിയിലെത്തണമെങ്കിലും 2 ബസ്സുകം മാറിക്കയറിയേതീരൂ. ഇതിനുപുറമേ ചാലക്കുടി ബസ്സ് പോട്ടവരെമാത്രമുള്ള സർവ്വീസ് പാടുള്ളൂ.

കാടുകയറി, ഇരിഞ്ഞാലക്കുട, പുളിക്കക്കടവു്, ഇരിങ്ങാലക്കുട, അടിച്ചിൽ_ഇരിഞ്ഞാലക്കുട എന്നിവിടങ്ങളിൽനിന്നുള്ളയാത്രക്കാരുടെ ബുദ്ധിമുട്ടകം ഇതിലും കൂടുതലാണു്. മേൽപറഞ്ഞ മൂന്നിടങ്ങളിൽനിന്നും ഒരാൾക്കു് കോടതിയിലോ താലൂക്കാഫീസിലോ പോകണമെങ്കിൽ തലേന്നു് രാത്രിതന്നെ നാട്ടുകയറിയിരിക്കുക ചെയ്തിരിക്കണം. അല്ലാതെ ഒരു മുന്നാംനാളും ബസ്സുകം മാറിക്കയറി എങ്ങിനെ നിശ്ചിതസമയത്തെത്തിച്ചേരാനാണു്. റോഡ് ദേശസാല്കൃതമായതുമൂലം ജനങ്ങളുടെ സൌകര്യമാണു് സർക്കാർ ഉദ്ദേശിക്കുന്നതെങ്കിൽ ഈ നടപടി അതിനെതിരായതാണു്.

സ്റ്റോറിൽ തന്നെ പലയിടങ്ങളിലും ദേശസാൽക്കരിക്കപ്പെട്ട റോഡുകളിൽകൂടി മൂന്നും, നാലും നാഴിക ഓവർ ലാപ്പിംഗ് അനുവദിക്കപ്പോൾ ഈ ഭാഗത്തു് ഒരു ഫർലോങ്ങ് പോലും ഓവർലാപ്പിംഗ് അനുവദിക്കുകയില്ലെന്നു പറയുന്നതിൽ യാതൊരു നീതിയുമില്ല.

ഈ ഉത്തരവുമൂലം പാവപ്പെട്ട സ്കൂൾകുട്ടികളും 1_ാംതീയതിമുതൽ വിഷമിക്കുന്നതിനാൽ തീരുമാനമെന്നും കേൾക്കുന്നു.

ഇതു് സംബന്ധിച്ചു് ജില്ലാഭരണസ്ഥാപിതരും, റോഡ് ട്രാൻസ്പോർട്ടധികൃതരും അവധാനപൂർവ്വം ആലോചിച്ചു് പൊതുജനങ്ങളുടെ ബുദ്ധിമുട്ടകം പരിഹരിക്കുവാൻ നടപടികം എടുക്കുന്നതു് ഉചിതമായിരിക്കും.

....

ശേഷിച്ചകാലം അദ്ധ്യാപകനായി ജോലിചെയ്യണം

ജോൺസൺറെ കലശലായ ആഗ്രഹം

വാഷിംഗ്ടൺ, ഏ. 9

മുഖ്യരേണനിയുക്തപദത്തിൽനിന്നു വിരമിച്ചശേഷം അദ്ധ്യാപകവൃത്തിയിലേർപ്പെടാൻ താനാഗ്രഹിക്കുന്നതായി പ്രസിഡണ്ടു് ജോൺസൺ സൂചിപ്പിക്കുകയുണ്ടായി.

അമേരിക്കയിലെ "ഈ വർഷത്തെ ശ്രേഷ്ഠാധ്യാപകൻ" ബഹുമാനാർത്ഥം വൈറ്റ്ഹൗസിൽ നടത്തിയ ഒരു ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ടു് മി. ജോൺസൺ സംസാരിക്കുകയായിരുന്നു. 'കുറച്ചുകാലത്തു് ഈ ബഹുമതിലഭിക്കുന്നതിനു് ഞാനൊരു സ്ഥാനാർത്ഥിയായിത്തീരാൻ സാദ്ധ്യതയുണ്ടു്' എന്നദ്ദേഹം അതിഥികളോടു് പറഞ്ഞു.

പ്രസിഡണ്ടപദത്തിൽനിന്നു് വിരമിച്ചശേഷം സെക്രാസ് സർവ്വകലാശാലയിൽ രാജ്യഭരണവും രാഷ്ട്രമീമാസയും പഠിപ്പിക്കുന്നതിനു് മി. ജോൺസൺ ഉദ്ദേശിക്കുന്നതായി അദ്ദേഹത്തിൻറെ സുഹൃത്തുക്കളോടു രഹസ്യമായി പ്രസ്താവിച്ചിട്ടുണ്ടു്.

രാഷ്ട്രീയജീവിതത്തിൽ പ്രവേശിക്കുമുമ്പു് മി. ജോൺസൺ സാൻ മാർക്കോസിൽ അദ്ധ്യാപകനായും പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചിട്ടുണ്ടു്. തൻറെ ജീവിതത്തിലെ ഏറ്റവും സംതൃപ്തമായ ദിവസങ്ങളാണു് താൻ അദ്ധ്യാപകവൃത്തിയിലേർപ്പെട്ടിരുന്ന കാലത്തേതാണെന്നു് അദ്ദേഹം പലപ്പോഴും അനുസ്മരിക്കാറുണ്ടു്.

കൊളറാഡോയിലെ വിറാഫീൽഡിൽ ആരംഭിക്കുന്നസ്കൂളിലെ ഒരു അദ്ധ്യാപകനായ 37 വയസ്സുള്ള റിച്ചാർഡ് ഇ. ക്ലിക്കിനു് ബഹുമതി നല്കിക്കൊണ്ടു്, അമേരിക്കയുടെ ഭാവിക്കു് അദ്ധ്യാപകവൃത്തിയേക്കാൾ പ്രധാനപ്പെട്ട ഒരു തൊഴിലില്ലെന്നു് താൻ വിശ്വസിക്കുന്നതായി മി. ജോൺസൺ പറഞ്ഞു.

.....

വിദ്യാഭ്യാസ കമ്മീഷൻ ഉത്തരപ്രദേശു് സന്ദർശിക്കുന്നു

ന്യൂഡൽഹി, ഏ. 9

വിദ്യാഭ്യാസ കമ്മീഷൻ 1965 ഏപ്രിൽ 15 മുതൽ 21വരെ ഉത്തരപ്രദേശു് സന്ദർശിക്കുന്നതാണു്. നാലു ഗ്രൂപ്പുകളായി കമ്മീഷനംഗങ്ങളും മീററ്, അലഹബാദു്, ആഗ്ര, കാൺപൂർ, ബാരിലി, പന്തുനഗർ, നൈനിറാൽ തുടങ്ങിയ പ്രധാന കേന്ദ്രങ്ങൾ സന്ദർശിക്കുന്നതും കോളേജു് പ്രിൻസിപ്പൽമാർ, അദ്ധ്യാപകർ, സർവ്വകലാശാലാ വൈസ് ചാൻസലർമാർ, വിദ്യാഭ്യാ പ്രതിനിധികളും, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ പ്രതിനിധികളും, പാർലമെൻറംഗങ്ങളും, നിയമസഭാംഗങ്ങളും, മറെറ വ്യക്തികളും എന്നിവരെ കണ്ടു വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ചു ചർച്ചനടത്തുന്നതുമാണു്.

യാത്രഅയപ്പു്

(സ്വ. ലേ.) മാള, ഏ. 8

പൊയ്യ എ. ഐ. എം. എൽ. പി. സ്കൂളിൽനിന്നും പെൻഷ്യൻപറ്റി പിരിയുന്ന ഡി. ദേവസ്സൻ മാസ്റ്റർക്കു് സ്കൂൾകുട്ടികളുടെയും വിവിധ സംഘടനയുടെയും വകയായി ഒരു യാത്രഅയപ്പു നൽകിയിരിക്കുന്നു. യോഗത്തിൽ എക്സ്. എം. എൽ. സി. അച്ചുതമേനോൻ, ഫാ. ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. 37 വർഷമായി ഈ സ്കൂളിൽ ഒരു അദ്ധ്യാപകനായിട്ടു്.

—

പത്രക്കാരെ പുറത്താക്കിയ കാര്യം അറിയിച്ചിട്ടില്ലെന്നു്

(പി. ടി. ഐ) ന്യൂഡൽഹ

കുട്ടനാടൻ കായൽരാജാക്കന്മാരുടെ മുമ്പിൽ സർക്കാർ കുമ്പിട്ടു

18000 ടൺ അരിയെടുക്കാൻ പുറപ്പെട്ട സർക്കാരിന് 1000 ടൺമാത്രംകിട്ടി

[സ്വ. ലേ] ആലപ്പുഴ, ഏ. 8

സംസ്ഥാനത്തിന്റെ നെല്ലറയായ കുട്ടനാട്ടിൽ "ഇക്കൊല്ലം ഓരുവെള്ളം കയറി വിളവെടുപ്പ് മോശമായതിനെ പരിഗണിച്ച്, അവിടെയുള്ള കൃഷിക്കാരിൽനിന്നും ഗവമ്മേണ്ടിലേക്ക് നെല്ലെടുക്കുന്നതിൽ കാര്യ് അയവുവരുത്തണമെന്ന് കാണിച്ച് ഗവമ്മെണ്ടിന് ആലപ്പുഴ ജില്ലാ കലക്ടർക്ക് ചില നിദ്ദേശങ്ങൾ നല്കിയതായി അറിയുന്നു.

ഇതിനെ സംബന്ധിച്ച് കുട്ടനാട്ടിലെ കൃഷിക്കാർ ഗവമ്മെണ്ടിലേക്ക് നിരവധി നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. ലെവിക്ക് ഉള്ള തോത് വളരെ കൂടിയതാണെന്നും അതിനു സക്കാർ കൊടുക്കാൻ തീരുമാനിച്ച വില വളരെ കുറഞ്ഞുപോയെന്നുമായിരുന്നു കൃഷിക്കാരുടെ പ്രധാന ആക്ഷേപവും പരാതിയും.

ഗവമ്മെണ്ടിന്റെ സാകല്യേനയുള്ള വിലനയത്തിന് അനയോജ്യമായി അഖിലേന്ത്യാ അടിസ്ഥാനത്തിലാണ് നെല്ലിനു വിലവെച്ചതെന്നായിരുന്നു ഇതിന് ഗവമ്മെണ്ട് പറഞ്ഞതവന്ന സമാധാനം. കാരോ കേസ്സുകളും അതതിന്റെ അഹതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ആവശ്യമായ ആശ്വാസം നല്കാനാണ് ഇപ്പോൾ ഗവമ്മെണ്ട് സ്ഥലം കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുള്ളതു്.

കുട്ടനാട്ടിൽനിന്ന് ഈ വിളവെടുപ്പിനശേഷം 18,000 ടൺ അരി എടുക്കണമെന്നായിരുന്നു ഗവമ്മെണ്ടിന്റെ ലക്ഷ്യം. എന്നാൽ ഇതുവരെയായി 1000 ടണ്ണോളം മാത്രമേ കിട്ടിയിട്ടുള്ള എന്നാണറിയുന്നതു്. എന്നാൽ പാലക്കാടു് ജില്ലയിൽ ടാർജറായി വെച്ചിരുന്ന 27,000 ടണ്ണിൽ 21,000 ടണ്ണോളം ഇതുവരെയായി എടുത്തു കഴിഞ്ഞിട്ടുണ്ടെന്ന് ഒരു അധികൃതവക്താവ് പ്രസ്താവിച്ചിട്ടുണ്ട്.

.....o.....

ശീട്ടുകളി അടികലശലിൽ എത്തി

തളിപ്പറമ്പ്, ഏപ്രിൽ 8

ഒരത്തെ എന്ന സ്ഥലത്തുവെച്ച് ശീട്ടുകളിയിൽ വാക്കുതർക്കമുണ്ടാകുകയും, അതു് കൂടികലശലിലേക്ക് എത്തി അവസാനിക്കുകയും ചെയ്തിരിക്കുന്നു. ഇതുമൂലം ആനപ്പാറകണ്ടത് എന്ന വിളിക്കപ്പെടുന്നയാളെ തളിപ്പറമ്പ് ആസ്പത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

തൃശ്ശൂർ വാർത്തകൾ

(സ്വ ലേ) ഏപ്രിൽ 9

കൈത്തറി വാരാഘോഷം വിദ്യാർത്ഥി കോർണ്ണറിൽ പൊതുയോഗം

പതിനൊന്നാം അഖിലേന്ത്യാ കൈത്തറി വാരാഘോഷ പരിപാടികളോടനബന്ധിച്ച് ഏപ്രിൽ 10-ംനം- ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് തൃശ്ശൂർ വിദ്യാർത്ഥി കോർണ്ണറിൽവച്ച് ഒരു പൊതുയോഗം നടത്തപ്പെടുന്നതാണ്. പൊതുയോഗത്തിൽ റിട്ടയേർഡ് വ്യവസായ ഡയറക്ടർ ശ്രീ വി.കെ.അച്ചുതമേനോൻ അദ്ധ്യക്ഷത വഹിക്കുന്നതും ശ്രീ കെ. കൊച്ചുകട്ടൻ, ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ, എന്നിവർ പ്രസംഗിക്കുന്നതുമായിരിക്കും.

നഗരസഭായോഗം

തൃശ്ശിവപേരൂർ നഗരസഭയുടെ ഒരു അടിയന്തിരയോഗം 1965 ഏപ്രിൽ 12-ംനം- തിങ്കളാഴ്ച വൈകുന്നേരം ആറര മണിക്ക് കൌൺസിൽഹാളിൽവെച്ച് കൂടുന്നതാകുന്നു.

പി. ഡബ്ലിയു. ഡി. ബിൽഡിംഗ്സ് ഡിവിഷണൽ അക്കൌണ്ടൻറായിരുന്ന ശ്രീ നീലകണ്ഠൻ നമ്പൂതിരി 36 വർഷത്തെ പ്രശസ്തസേവനത്തിനുശേഷം സർവ്വീസിൽനിന്ന് റിട്ടയർ ചെയ്യുന്നതു സംബന്ധിച്ച് അദ്ദേഹത്തിനെറ സഹപ്രവർത്തകരും ശങ്കരനിലയം നിവാസികളും ചേർന്ന് ട്രിസ്റ്റ് കോഫി ഹൗസിൽവെച്ച് ഒരു യാത്രയയപ്പു നൽകിയിരിക്കുന്നു.

ഒഴിവാക്കി

'തൃശ്ശിവപേരൂർ ബാർബേഴ്സ് അസോസിയേഷന്റെ തീരുമാനമനുസരിച്ച് ഇന്നു മുതൽ ഞായറാഴ്ചയും, ഇറിഗേഷൻ വകുപ്പിലെ ഉദ്യോഗസ്ഥന്മാരേയും ക്ഷണിക്കുവാനും യോഗം തീരുമാനിച്ചു.

.....

സാമൂഹ്യക്ഷേമ ഉപദേശകസമിതി ചെയർമാൻ മിസ്സിസ് സാമുവൽമത്തായി തെരഞ്ഞെടുക്കപ്പെട്ടു

(സ്വ. ലേ.) തീരു: ഏ. 8

സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക സമിതിയുടെ ചെയർമാനായി മിസ്സിസ് സാമുവൽ മത്തായിയെ നിയമിച്ചിരിക്കുന്നു.

....

മന്ത്രി നിര്യാതനായി

കല്പത്ത, ഏ. 8

പാടിഞ്ഞാറൻ ബങ്കാൾ ഹിന്ദുമസ്ദ്ദൂർസഭ പ്രസിഡണ്ടു് ജെ. എൻ. മിത്ര (70) ഇന്നലെ നിര്യാതനായി.

'മിത്ര ഏ. ഐ. റ്റി. യു. സി. യുടെയും, അഖിലേന്ത്യ ഹിന്ദുമസ്ദ്ദൂർ സഭയുടെയും പ്രസിഡണ്ടാണ് പദം അലങ്കരിച്ചിട്ടുണ്ട്.

.....o.....

ഇടതു് കമ്യൂണിസ്റ്റുകാർ അറസ്റ്റിൽ

(പി. ടി. ഐ) താന, ഏ. 8

രാജ്യരക്ഷാനിയമമനുസരിച്ച് ഇന്നലെ അസർനാഥിലുള്ള എസ്സ്. എ. കാർ, പി. ജി. പത്മനാഭൻ, കെ. ഭാസ്കരൻനായർ എന്നീ മൂന്നു് ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് ടെയിഡ് യൂണിയൻ പ്രവർത്തകരെ അറസ്റ്റുചെയ്തിരിക്കുന്നു.

—o—

കേരളത്തിന്റെ അതിർത്തിയിൽ 14 ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നു

കന്നുകാലികളുടെ "റിണ്ടർപെസ്റ്റ്" രോഗനിവാരണത്തിനു് അഖിലേന്ത്യാക്കമ്മറ്റിയുടെ ശുപാർശ

(സ്വ പ്ര) തൃശ്ശൂർ ഏ. 9

ഇന്ത്യയിൽ വ്യാപകമായി കണ്ടുവരുന്ന 'റിണ്ടർപെസ്റ്റ്' എന്ന കന്നുകാലിരോഗത്തിനെതിരായി കൂടുതൽ ഊർജ്ജസ്വലവും കാര്യക്ഷമവുമായ നിവാരണമാർഗ്ഗങ്ങളാവിഷ്കരിക്കുവാൻ ഇവിടെ കൂടിക്കൊണ്ടിരിക്കുന്ന കേന്ദ്ര റിണ്ടർപെസ്റ്റ് കൺട്രോൾ കമ്മറ്റിയുടെ 19-ാം സമ്മേളനം ഒരു സ്പെഷ്യൽ കമ്മറ്റിയെ നിയമിച്ചിരിക്കുന്നു.

മണ്ണുത്തിയിലുള്ള കേരള വെറ്റിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഇന്നലെ ആരംഭിച്ച ഈ സമ്മേളനത്തിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നായി 40-ൽപരം പ്രതിനിധികളും പങ്കെടുക്കുന്നുണ്ട്. ഇന്ത്യാഗവ. ആനിമൽ ഹസ്ബൻററി കമ്മീഷണർ ഡോ. പി. ഭട്ടാചാര്യസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുന്നു. സമ്മേളനം നാളെസമാപിക്കുന്നതാണ്.

ഏതാനും വർഷങ്ങൾക്കുമുമ്പുവരെ ഈ രോഗബാധയിൽനിന്നും വിമുക്തമായിരുന്ന ദക്ഷിണ സംസ്ഥാനങ്ങളിൽ ഈ രോഗം ഇപ്പോൾ ഇടയ്ക്കിടെ ഉണ്ടാവുന്നതു് സമ്മേളനത്തിന്റെ പ്രത്യേക പരിചിന്തനയ്ക്ക് വിധേയമായി ഈ രോഗത്തിനു പ്രതിവിധിയായി ഉപയോഗിക്കപ്പെട്ടുവരുന്ന ഒരുതരം വാക്സിൻ 1892-ൽ ഒരു ഇന്ത്യൻശാസ്ത്രജ്ഞനാണ് കണ്ടുപിടിച്ചതു്. രോഗനിവാരണത്തിനു് ഈ വാക്സിൻ ഗണ്യമായ സംഭാവനകൾ നല്കിയിട്ടുണ്ടെങ്കിലും ചില കേസ്സുകളിൽ അതു് അത്ര ഫലപ്രദമല്ലെന്നു് മനസ്സിലായിട്ടുണ്ടു്. ഈ നൂനത പരിഹരിക്കുന്നതിനു് കൂടുതൽ അഗാധമായ ഗവേഷണം ആവശ്യമാണെന്നു് യോഗം അഭിപ്രായപ്പെട്ടു.

കൽക്കട്ടയിൽനിന്നുപഞ്ചാബിൽനിന്നും ഇറക്കുമതിചെയ്ത ചില കന്നുകാലികളിൽനിന്നാണ് ഈ രോഗം കേരളത്തിൽ വ്യാപിച്ചതെന്നു കരുതപ്പെടുന്നു. വയറാകുക്കുവും പനിയുമാണ് രോഗലക്ഷണങ്ങൾ. 'കന്നുകാലി പ്ലേഗ്' എന്നും ഈ രോഗത്തിനു പേരുണ്ടു്.

സെൻട്രൽറിണ്ടർപെസ്റ്റ് കൺട്രോൾ കമ്മറിയുടെ ഇതുവരെയുള്ള പ്രവർത്തനം പൊതുവെ തൃപ്തികരമാണെന്നു് കണക്കുകളിൽനിന്നു കാണുന്നു. വെറും 5 വർഷങ്ങൾക്ക് മുമ്പ് ഇന്ത്യയിൽ 8000 സ്ഥലങ്ങളിൽ ഈ രോഗബാധയുണ്ടായിരുന്നു. 1962-ൽ അതു് 500-ഉം 63-ൽ 350-ഉം 64-ൽ 334-ഉം ആയി ചുരുങ്ങി.

രോഗനിവാരണത്തിനു് പുതിയ ചില പദ്ധതികളും യോഗം ചർച്ചചെയ്തംഗീകരിച്ചു. മറെ സംസ്ഥാനങ്ങളിൽനിന്നു ഇറക്കുമതിചെയ്യുന്ന കന്നുകാലികളെ സൂക്ഷ്മമായി പരിശോധിച്ചശേഷം മാത്രം സംസ്ഥാനത്തേയ്ക്കു പ്രവേശിപ്പിക്കത്തക്കവിധം കേരളത്തിന്റെ അതിർത്തിയിൽ 14 ചെക്ക്പോസ്റ്റുകൾസ്ഥാപിക്കാനും യോഗം തീരുമാനിച്ചിട്ടുണ്ടു്.

—

മതിൽക്കെട്ട് വീണു് 7 പേർ കൊല്ലപ്പെട്ടു

ബോമ്പെ. ഏ. 9

ഇന്നു് കാലത്തു് ബോമ്പെ-ആഗ്രാ സ്ഥിത സമ്മേളനത്തിലേക്ക് ശ്രീ. ഈ. ഇക്കണ്ടവാരിയരേയും, ഇറിഗേഷൻ വകുപ്പിലെ ഉദ്യോഗസ്ഥന്മാരേയും ക്ഷണിക്കുവാനും യോഗം തീരുമാനിച്ചു.

.....

നെല്ലെടുപ്പ് ഗവണ്മെൻറ് ഏറെറടുക്കണം

ജില്ലാ ഭക്ഷ്യോപദേശക സമിതിയുടെ പ്രമേയം

തൃശ്ശൂർ, ഏ. 8

സഹകാര്യ ഏജൻസികൾവഴിയുള്ള നെല്ലെടുപ്പുസമ്പ്രദായം നിർത്തലാക്കി ഗവമ്മേണ്ടു് നേരിട്ട് നെല്ലെടുപ്പ് നടത്തണമെന്ന് അഭ്യർത്ഥിക്കുന്ന ഒരു പ്രമേയം ഇന്നു കലക്ടറേറ്റിൽ കൂടിയ ജില്ലാ ഭക്ഷ്യോപദേശകസമിതി യോഗം പാസ്സാക്കിയിരിക്കുന്നു. യോഗത്തിൽ ജില്ലാ കലക്ടർ ശ്രീ. എൻ. ശ്രീധരൻനായർ അദ്ധ്യക്ഷംവഹിച്ചു.

റേഷൻഷാപ്പുകൾ നടത്തുന്നതിൽ സഹകരണസംഘങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകളെപ്പറ്റി യോഗം സമഗ്രമായി ചർച്ചനടത്തി. ക്രമക്കേടുകളെ അടിസ്ഥാനമാക്കി സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥന്മാർ സഹകരണസംഘങ്ങളുടെ പേരിൽ നടപടികൾ എടുക്കുമ്പോൾ സഹകരണവകുപ്പ് ഡെപ്യൂട്ടി രജിസ്ട്രാരുടെ അഭിപ്രായംകൂടി ആരായേണ്ടതുണ്ടെന്ന് യോഗം അഭിപ്രായപ്പെട്ടു. രണ്ടാഴ്ചക്കാലത്തേക്കുള്ള ഭക്ഷ്യധാന്യങ്ങൾ എപ്പോഴും സ്റ്റോക്കു ചെയ്യണമെന്ന നിബന്ധനയിൽനിന്ന് സഹകരണസംഘങ്ങളെ ഒഴിവാക്കണമെന്ന് യോഗം നിർദ്ദേശിക്കുകയുണ്ടായി.

തൃശ്ശൂർ ജില്ലയിലെ കോൾകൃഷിക്കാർ ജലക്ഷാമംമൂലം നേരിടുന്ന കഴപ്പുകൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ചർച്ചചെയ്യുന്നതിനും ഭക്ഷ്യോപദേശകസമിതിയുടെ ഒരു യോഗം മേയ് മാസത്തിൽ നടത്താനും പ്രത്യേകം തീരുമാനിച്ചു.

.....

പാപിചെന്നേടം പാതാളം

(സ്വ. ലേ.) കണ്ടശ്ശാംകടവ് ഏ. 8

ആരുമറിയാതെ കിട്ടിയ ഒരു ജോലി ലഭിക്കാൻവേണ്ടി സന്തോഷത്തോടുകൂടി വീട്ടിൽനിന്നും പുറപ്പെട്ട ഒരു മനുഷ്യന്റെ മൃതദേഹം ഇന്നലെ സ്വഭവനത്തിൽ എത്തിച്ചേർന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരുന്നു.

ആലപ്പാട്ട് സ്വദേശിയായ ചാത്തുണ്ണി എന്ന ഒരു ഹതഭാഗ്യനാണ് ഈ ദുരാഗതനായിത്തീർന്നത്.

വളരെക്കാലം സിലോണിലായിരുന്നു വന്ന ചാത്തുണ്ണി. ധാരാളം സ്വത്തും അദ്ദേഹം അവിടെ സമ്പാദിച്ചു. അതെല്ലാം വാരിക്കെട്ടി നാട്ടിലേയ്ക്കു വരാൻ ആ മനുഷ്യൻ ആഗ്രഹിച്ചു. അതിനുള്ള ഒരുക്കങ്ങളും നടന്നുവരവേയാണ് ഒരു ദിവസം അദ്ദേഹത്തെ പോലീസ് അറസ്റ്റ്ചെയ്തതു്. തന്റെ ഒരു വിരോധി അദ്ദേഹത്തിനു് പാസ്പോർട്ടില്ലെന്നും മറ്റും സിലോൺ പോലീസിലേയ്ക്കെഴുതിയതിനെത്തുടർന്നായിരുന്നുവത്രെ ഈ അറസ്റ്റ്. അവസാനം പോലീസ് അയാളെ ഇന്ത്യയിലേയ്ക്കു കടത്തിവിട്ടു. താൻ പോരുന്നതിനുമുമ്പു് ചാത്തുണ്ണി സ്വത്തുമുഴുവൻ സിലോണിൽ ഉപേക്ഷിച്ച് കണ്ണുതുടച്ചാണ് അദ്ദേഹം ഇന്ത്യൻ മണ്ണിൽ കാലുകുത്തിയതു്.

അവിടെനിന്നും ഒരു ഭിക്ഷക്കാരനെപ്പോലെ അദ്ദേഹം നാട്ടിലെത്തി. ഭക്ഷണത്തിനുപോലും അദ്ദേഹത്തിനു വിഷമം നേരിട്ടു.

അങ്ങിനെയിരിക്കെയാണ് പുതിയ ഷാപ്പുലേലം നടന്നതു്. അവിടെ അദ്ദേഹത്തിനൊരു ജോലികിട്ടി, 500 രൂപ സെക്യൂരിറിയായിട്ടും. അയ്യന്തോളിലുള്ളൊരുബന്ധുവിന്റെ സഹായത്തോടെ അദ്ദേഹം സെക്യൂരിറിയുംകെട്ടി. ജോലിക്കു പ്രവേശിക്കുന്നതിനാ തലേന്നാൾ അയ്യന്തോളിൽ താമസിച്ച് പിറേന്നു് ജോലിക്ക് പോയാൽ മതിയെന്നു് ആ സ്നേഹമുള്ളബന്ധുക്കാരൻ അദ്ദേഹത്തെ ക്ഷണിച്ചു. അദ്ദേഹം അതു് സമ്മതിച്ചു. പക്ഷേ അവസാനം അദ്ദേഹം അയ്യന്തോൾ പരിപാടി മാറ്റി.

ഹൈവേയിലുള്ള കർളാ കോളനിയിൽ ഒരു മതിൽകെട്ട് ഇടിഞ്ഞുപൊളിഞ്ഞുവീണതിന്റെ ഫലമായി രണ്ടു സ്ത്രീകളടക്കം ഏഴുപേർ കൊല്ലപ്പെട്ടുകയും 13 പേർക്കു് ഗുരുതരമായി പരിക്കുപറ്റുകയും ചെയ്തു.

മുറിവേറ്റവരിൽ 10 പേരെ പ്രാഥമിക ചികിത്സകൾക്കുശേഷം ആസ്പത്രിയിൽനിന്നു് വിട്ടയച്ചു. മറെ 3പേരെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു.

മരിച്ചവർ കോളനിയിലുള്ള കുടിലുകളിൽ താമസിച്ചിരുന്നവരായിരുന്നു.

(പി. ടി. ഐ)

മുനി: സമരം പിൻവലിച്ചു

എറണാകുളം ഏ 8

തങ്ങളുടെ ഡിമാണ്ടുകൾ സാധിച്ചുകിട്ടുന്നതിനുവേണ്ടി ഏപ്രിൽ 10 മുതൽ നടത്തുവാനുദ്ദേശിച്ചിരുന്ന പണിമുടക്ക് പിൻവലിക്കുവാൻ കേരളാ സ്റ്റോറേജ് മുനിസിപ്പൽ എംപ്ലോയീസ് ഫെഡറേഷൻ തീരുമാനിച്ചിരിക്കുന്നു. ഇന്നിവിടെ ചേന്ന ഫെഡറേഷന്റെ സെൻട്രൽ കമ്മിറ്റിയാണ് ഈ തീരുമാനമെടുത്തതു്. 27 മുനിസിപ്പാലിറ്റികളിലെ ജീവനക്കാരുടെ സേവനവ്യവസ്ഥയെക്കുറിച്ചും മറെറാരു അനേഷണം നടത്താൻ വേജ്ബോർഡിനെ നിയമിച്ചതിനെ തുടർന്നാണിതീരുമാനം. [സ്വ ലേ]

ഗോവാ കാര്യത്തിൽ ആൽവാറീസ് ശാസ്ത്രിയെ കണ്ടു.

(പി ടി ഐ) ന്യൂഡൽഹി, ഏ 9

പീറർ ആൽവാറീസ് എം. പി ഇന്നലെ പ്രധാനമന്ത്രി ശാസ്ത്രിയെ കണ്ടു. ഗോവയുടെ ഭാവിയെപ്പററി ചർച്ച ചെയ്യുകയുണ്ടായി.

ഗോവയെ മഹാരാഷ്ട്രായിൽ ലയിപ്പിക്കണമെന്നുള്ള ഒരു തീരുമാനം വേഗം തയ്യാറാക്കണമെന്നു് ആൽവാറീസ് ശാസ്ത്രിയെ ഉൽബോധിപ്പിച്ചു.

ഭാഷ, ഭരണസൗകര്യം, ദേശീയജീവിതത്തിന്റെ പ്രമുഖപ്രവാഹവുമായി ഗോവയിലെ ക്രിസ്ത്യൻസുദായത്തിന്റെരസം യോജനം-എന്നീ കാര്യങ്ങൾ വെച്ച് നോക്കിയാൽ മഹാരാഷ്ട്രയുമായുള്ള ഗോവയുടെ വിലയനം ന്യായമായിരിക്കുമെന്നു് അദ്ദേഹം ശാസ്ത്രിയെ ധരിപ്പിച്ചു.

....

ഫെണ്ണാണ്ടസ്സിന്റെ പ്രമേയവും, മേയർ മാധവന്റെ രൂളിങ്ങും

[പി. ടി. ഐ.) ബോംബെ ഏ. 9

കേരളത്തിൽ പ്രസിഡണ്ടു് ഭരണമേർപ്പെടുത്തിയതിനെ സംബന്ധിച്ച് ജോർജ്ജ് ഫെണ്ണാണ്ടസ് [എസ്. എസ്. പി.] അവതരിപ്പിച്ച ഒരു പ്രമേയത്തിനേല്പുള്ള ചർച്ച് ബോംബെ മുനിഡിപ്പൽ കോപ്പറേഷൻ നീട്ടിവെച്ചു.

ഫെണ്ണാണ്ടസിന്റെ പ്രമേയത്തിൽ ജോലിക്ക് ചേരേണ്ട അനന്തരനടപടിമാത്രമേ വീട്ടിൽനിന്നു പുറപ്പെട്ടുള്ള. വീട്ടിൽനിന്നു അദ്ദേഹം കയറിയ ബസ്സാണ് മറിഞ്ഞതു്. അപകടമോറവരിൽ ഏറവും കൂടുതൽ പരുക്കേറെറതും അദ്ദേഹത്തിനായിരുന്നു. കഴിഞ്ഞദിവസം അദ്ദേഹം തൃശ്ശൂർ ആസ്പത്രിയിൽവെച്ച് മരണമടയുകയാണുണ്ടായതു്.

കോൺഗ്രസ് വിട്ട് പുതിയ പാർട്ടി രൂപീകരിക്കുന്നു

[പി. ടി. ഐ) ബാങ്കളൂർ ഏ. 9

കോൺഗ്രസ്സിൽനിന്നും വിട്ടുപോരുവാൻ താൻ തീരുമാനിച്ചുവെന്നു് ഒരു പ്രമുഖ കോൺഗ്രസ് നേതാവായ ശ്രീ. എസ്. ചിന്നയ്യ ഇന്നു് പത്രലേഖകരോടു് പറഞ്ഞു. 1937-ലാണ് താൻ കോൺഗ്രസിൽ ചേന്നതു്.

20-നും 25-ന്നും മധ്യേ കോൺഗ്രസ് നിയമസഭാ മെമ്പർമാരും മധ്യ-മൈസൂർ ജില്ലകളിലെ മാറനേകം കോൺഗ്രസ് പ്രവത്തകരും തന്നോടൊപ്പം പുറത്തുപോരുമെന്നും അദ്ദേഹം പറഞ്ഞു.

ഗാന്ധിയൻ നയങ്ങളെ സംബന്ധിച്ച വിശാലമായ അടിസ്ഥാനത്തിൽ ഒരു പുതിയ പാർട്ടി രൂപീകരിക്കുന്നതിനുള്ള സമയമായെന്നു് താനിപ്പോൾ കരുതുന്നു ബുദ്ധിപരമായും ശാരീരികമായും സാദ്ധ്യതികമായും അങ്ങനെ എല്ലാവിധത്തിലും സേവനം അനഷ്ഠിച്ചിട്ടുള്ള തനിക്ക് കോൺഗ്രസിൽനിന്നും വിട്ടുപോരിക അതു എളുപ്പമുള്ള കാര്യമല്ല.

തന്റെ അഭിപ്രായത്തോടു് യോജിപ്പുള്ള കോൺഗ്രസ് പ്രവത്തകരുടെ ഒരു സമ്മേളനം ഏപ്രിൽ 29-ാംനം-ഡൽഹിയിൽ വിളിച്ചുകൂട്ടിയിട്ടുണ്ടു്. കോൺഗ്രസിൽത്തന്നെ നിലനിൽക്കണമൊ അതൊ പുതിയൊരു പാർട്ടി രൂപീകരിക്കണമൊ എന്നതിനെപ്പറ്റി തീരുമാനിക്കുവാനാണു് യോഗം ചേരുന്നതു്. പാർട്ടി വിടുന്നതിനു മുമ്പു് ഈ യോഗത്തിന്റെ തീരുമാനം കാത്തിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു: ചില കോൺഗ്രസ്സുതരേയും യോഗത്തിലേയ്ക്കു ക്ഷണിക്കുന്നുണ്ടു്.

....

കാണിച്ചിരുന്നതു് കേരളത്തിൽ പ്രസിഡണ്ടുഭരണമേർപ്പെടുത്തിയതിനെ കോപ്പറേഷൻ എതിർക്കുന്നുവെന്നാണു്. എതിർപ്പ് എന്നതിന്റെ സ്ഥാനത്തു് ഉല്ലംഘനം എന്നാക്കുവാൻ ഫെണ്ണാണ്ടസ് ഒരു ഭേദഗതി നിർദ്ദേശിച്ചു. പക്ഷേ മൂലപ്രമേയം തന്നെ കാലഹരണപ്പെട്ടുകഴിഞ്ഞുവെന്നു് ഒരു ജനസംഘം മെമ്പർ ക്രമപ്രശ്നം ഉന്നയിച്ചു. അതിനേല്പുള്ള രൂളിങ്ങു നൽകുന്നതുവരെ ചർച്ച നീട്ടിവെക്കുന്നുവെന്നു് മേയർ എം. മാധവൻ പ്രസ്താവിച്ചു.

.....o.....

Printed and Published by Paul Palappila for the A. C. P Institute at the Thozhilali Press Trichur

★ ഇണപ്രാവുകൾ ★



ഗംഭീരമായ ഉൽഘാടനമഹാമഹം

ഇന്നു് 2-51നു് മാററിനി

തൃശ്ശൂർ—ജോസിൽ

(ആദ്യത്തെ 9 ദിവസം 3നു് മാററിനി)

★ ★ ★ ★ ★ ★

എറണാകുളം	—	പത്മാ
കോട്ടയം	—	രാജമഹാ
ആലപ്പുഴ	—	ചെമ്പക
കോഴിക്കോടു്	—	കോർണേഷൻ
ബടകര	—	അശോക്
തലശ്ശേരി	—	മുകുന്ദ്
കണ്ണൂർ	—	N. S. ടാക്കീസ്
കൊല്ലം	—	കുമാർ
തിരുവനന്തപുരം	—	സെൻടൽ

★ ★ ★ ★ ★ ★

നടീനടന്മാർ

സത്യൻ, റാഹേൽ, നസ്സീർ, മുത്തയ്യ, തിക്കുറിശ്ശി, കൊട്ടാരക്കര, മധുകളം, സച്ച, പങ്കജവല്ലി, അടൂർപങ്കജം, S. P. പിള്ള, ബഹദൂർ, അടൂർഭാസി, ബേബിഉഷ, ജിജോ etc.